# പൊട്ട ക്കിണറുകൾ

കർത്താവേ, ഞാൻ വിശ്വസിക്കുന്നു, കർത്താവേ, ഞാൻ വിശ്വസിക്കുന്നു,
എല്ലാം സാധ്യമെന്ന്, കർത്താവേ, ഞാൻ വിശ്വസിക്കുന്നു.

നമുക്ക് ഒരു നിമിഷം അങ്ങനെ തന്നെ നിന്നുകൊണ്ട്, നമ്മുടെ തലകൾ കുമ്പിടാം.

2 കർത്താവായ യേശുവേ, ഞങ്ങൾ വിശ്വസിക്കുന്നത്, ഇത് പാടിക്കൊണ്ട്, ഞങ്ങളുടെ എളിയ രീതിയിൽ അങ്ങയോട് പ്രകടിപ്പിക്കാൻ ഞങ്ങൾ ശ്രമിക്കുന്നു. കർത്താവേ, ഇപ്പോൾ, നീ ജീവന്റെ അപ്പം ഞങ്ങൾക്ക് വേണ്ടി നുറുക്കുന്നത് തുടരണമേ എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു, ഞങ്ങൾക്ക് ആവശ്യമുള്ളത് നിന്റെ വചനത്തിൽ നിന്ന് ഞങ്ങൾക്ക് നൽകണമേ എന്നും. അതിനുവേണ്ടി, യേശുവിന്റെ നാമത്തിൽ ഞങ്ങൾ അത് ചോദിക്കുന്നു. ആമേൻ.

3 നിങ്ങൾ ഇരിക്കു. എനിക്ക് ഉറപ്പുണ്ട്, നമ്മൾ തീർച്ചയായും ഇപ്പോൾ ആമേൻ എന്ന് മതിയായ രീതിയിൽ പറഞ്ഞാൽ, ദൈവത്തിന്റെ മഹനീയ അനുഗ്രഹങ്ങൾ ഈ സദസ്സിന്റെ മേൽ ഇനിയും ഉണ്ടാകുമെന്ന്.

4 ഇന്ന് രാവിലെ ഞാൻ ഇരുന്ന് ആരാധനയെ അടുത്ത് ശ്രദ്ധിച്ചു, ഓരോരുത്തരും സ്വയം പ്രകടിപ്പിക്കുന്ന വ്യത്യസ്ത രീതിയിലുള്ള സാക്ഷ്യങ്ങളും, ആസ്വദിച്ചു. പുതുതായി വന്ന ബാപ്റ്റിസ്റ്റ് സഹോദരൻ പറയുന്നത് കേൾക്കു, അത് അല്പം തെറ്റായി തോന്നിയതിന് ക്ഷമ ചോദിക്കാൻ വരുന്നു. അതുകൊണ്ട് ഞാൻ—മനുഷ്യനെ, വേണ്ടുവോളം മനുഷ്യത്വമുള്ളവനാകാൻ കഴിയുന്ന ഒരാളെ ഞാൻ തീർച്ചയായും അഭിനന്ദിക്കുന്നു, അല്ലെങ്കിൽ—അല്ലെങ്കിൽ ഒരു മാന്യനായ മനുഷ്യൻ, താൻ തെറ്റ് ചെയ്തുവെന്ന് ചിന്തിക്കുകയാണെങ്കിലും അപ്രകാരം തന്നെയാണ്. ശരിക്കും എന്നോട് അല്ല അവൻ ക്ഷമ ചോദിച്ചത്, എന്നോട് അല്ലായിരുന്നു അവൻ ക്ഷമ ചോദിച്ചുകൊണ്ടിരുന്നത്, ദൈവത്തോട് ആയിരുന്നു. അതുകൊണ്ട് ഞാൻ—ഞാൻ അതിനെ അഭിനന്ദിക്കുന്നു, കണ്ടോ. ദൈവം നമ്മുടെ സഹോദരനെയും അവന്റെ സുവിശേഷകനായ സഹോദരനെയും അനുഗ്രഹിക്കട്ടെ.

5 എന്റെ, ആ ബാപ്റ്റിസ്റ്റ്, നിങ്ങൾക്കറിയാമോ, ഞാനും ബാപ്റ്റിസ്റ്റ്

സഭയിൽ പെട്ടവനായിരുന്നു. ഞാൻ മിഷനറി ബാപ്റ്റിസ്റ്റ് സഭയിലെ ഒരു അംഗമായിരുന്നു. ഞാൻ ജനങ്ങളുടെ ഇടയിൽ വരുമ്പോൾ, നിങ്ങൾക്ക് എങ്ങനെ തോന്നുമെന്ന് എനിക്കറിയാം. എനിക്കും അങ്ങനെ തന്നെ തോന്നി, എന്തോ ഒന്ന് നിറഞ്ഞതായി എനിക്ക്—എനിക്ക് അറിയില്ലായിരുന്നു.

6 പെന്തകൊസ്തുകാരുമായുള്ള എന്റെ ആദ്യ അനുഭവം ഞാൻ ഓർക്കുന്നു, അത് മിഷിഗണിലെ ഡോവാജിയാക്കിൽ വെച്ചായിരുന്നു.... ക്ഷമിക്കണം, ഞാൻ ഒരു മീൻപിടുത്ത യാത്രയിൽ ഡോവാജിയാക്കിൽ ആയിരുന്നു, പിന്നീട് ഡോവാജിയാക്കിൽ നിന്ന്, ഇന്ത്യാനയിലേക്ക് വരികയായിരുന്നു. അപ്പോൾ കാറുകളിലും മറ്റെല്ലായിടത്തും "യേശുവിന്റെ" പേരുകൾ ഞാൻ കണ്ടു, കൂടാതെ ആ ദിവസം ഞാൻ അവരുടെ സേവനങ്ങളും ശ്രദ്ധിച്ചു. അടുത്ത ദിവസം അവർ എന്നോട് പ്ലാറ്റ്ഫോമിലേക്ക് വരാൻ ആവശ്യപ്പെട്ടു, കുറച്ച് വാക്കുകൾ പറയാൻ, ഞാൻ അത് ചെയ്തു. പിന്നീട് ഞാൻ...ഞാൻ ഏത് പള്ളിയിൽ പെട്ടയാളാണെന്ന് അവർ എന്നോട് ചോദിച്ചു, ഞാൻ ഒരു ബാപ്റ്റിസ്റ്റാണെന്ന് അവരോട് പറഞ്ഞു.

7 അന്ന് രാത്രിയിൽ അവർക്ക് പ്രായമേറിയ ഒരു കറുത്ത മനുഷ്യൻ പ്രസംഗിക്കാൻ വേണ്ടി ഉണ്ടായിരുന്നു, അദ്ദേഹം തീർച്ചയായും അദ്ദേഹത്തിന്റെ എൺപതാം വയസ്സിന്റെ അവസാനത്തിൽ ആയിരിക്കും, അവൻ വേദിയിലേക്ക് വന്നു. ആ വൃദ്ധൻ, അദ്ദേഹത്തെ അവർക്ക് തീർത്തും പുറത്തേക്ക് കൊണ്ടുപോകേണ്ടി വന്നു. വെൽവെറ്റ് കോളറുകളുള്ള സുവിശേഷ വേലക്കാരുടെ നീണ്ട വസ്ത്രങ്ങളിൽ ഒന്ന് അയാൾ ധരിച്ചിരുന്നു, കുപ്പായത്തിന്റെ അരികിന് ചുറ്റുമായി വെള്ള നിറത്തിലുള്ള കമ്പിളി രോമത്തിന്റെ ഒരു വക്കും പിടിപ്പിച്ചിരുന്നു. ഞാൻ വിചാരിച്ചു, "ഇവിടെയുള്ളവരെല്ലാം ദൈവശാസ്ത്രജ്ഞരും, മഹാന്മാരാകുമ്പോൾ, എങ്ങനെയാണ് ഇങ്ങനെയുള്ള ഒരാളെ ആരാധന നടത്താൻ അനുവദിച്ചത്? ശരി, ആ വൃദ്ധൻ എവിടെയെങ്കിലും ഒരു കസേരയിൽ ഇരിക്കുന്നുണ്ടാവും."

8 യേശു ഭൂമിയിൽ ചെയ്ത കാര്യങ്ങളെക്കുറിച്ചാണ് അവർ ആ ദിവസം പ്രസംഗിച്ചുകൊണ്ടിരുന്നത്. പക്ഷേ, അവൻ എടുത്തു, തന്റെ വാചകം എടുത്തു, അത് ഇയ്യോബിൽ നിന്നാണെന്ന് ഞാൻ വിശ്വസിക്കുന്നു :7, 20, പറയട്ടെ, അത് ആ തിരുവെഴുത്താണെന്ന് എനിക്ക് ഉറപ്പില്ല. എന്നിരുന്നാലും, ഇത് ഉദ്ധരണിയാണ്, അല്ലെങ്കിൽ അതിന്റെ ഒരു ഭാഗം, "ഞാൻ ലോകത്തിന് അടിത്തറ പാകിയപ്പോൾ നീ എവിടെയായിരുന്നു? പ്രഭാതനക്ഷത്രങ്ങൾ ഒന്നിച്ചു ഘോഷിച്ചുല്ലസിച്ചു, ദൈവപുത്രന്മാർ ആനന്ദിച്ചാർത്തു." അവർ ഭൂമിയിൽ നടന്ന

കാര്യങ്ങളെക്കുറിച്ച് സംസാരിച്ച്കൊണ്ടേ ഇരുന്നപ്പോൾ, അവൻ സ്വർഗത്തിൽ നടന്ന കാര്യങ്ങളെക്കുറിച്ചാണ് സംസാരിച്ചത്.

9 അവൻ സംസാരിച്ചു കഴിഞ്ഞപ്പോൾ ഏകദേശം അഞ്ച് മിനിറ്റിനുള്ളിൽ, എവിടെയോ, കർത്താവിന്റെ ആത്മാവ് അവനെ സ്പർശിച്ചു, അവൻ തറയിൽ ചാടി എഴുന്നേറ്റു, കുതികാലുകൾ പരസ്പരം കൂട്ടിമുട്ടി. ഓ, അവിടെ ധാരാളം സ്ഥലമുണ്ടായിരുന്നു, ഈ പ്ലാറ്റ്ഫോമിന്റെ പകുതിയോളം; എന്നിട്ട് അയാൾ പുറത്തേക്ക് നടന്ന് പോയിട്ട്, പറഞ്ഞു, "എനിക്ക് പ്രസംഗിക്കാൻ ഇവിടെ വേണ്ടത്ര സ്ഥലം പോലും നിങ്ങൾക്കില്ല."

10 ശരി, എനിക്ക് അന്ന് ഏകദേശം ഇരുപത് വയസ്സായിരുന്നു. ഞാൻ വിചാരിച്ചു, "എങ്കിൽ—ആ വൃദ്ധന് അത് അങ്ങനെ ആയിരുന്നെങ്കിൽ, ഇത് എനിക്ക് എങ്ങനെ ആകുമായിരുന്നു?" കണ്ടോ?

11 നമ്മുടെ പുതിയ സഹോദരന്മാർക്ക് വേണ്ടി എല്ലാം ഒരുപോലെ ചിട്ടയോടെ സൂക്ഷിക്കുന്നതിന്റെ പേരിൽ, അവരെ നമ്മുടെ കൂട്ടായ്മയിലേക്ക് സ്വാഗതം ചെയ്യുന്നുവെന്ന്. ഒരു പുരോഹിതൻ ഇവിടെ ഇരിക്കുന്നുണ്ടെന്ന് അവർ പരാമർശിച്ചിട്ടുണ്ടെന്ന് ഞാൻ കരുതുന്നു; തീർച്ചയായും, ഐറിഷ് ആയതിനാൽ, എന്റെ ആളുകൾ കത്തോലിക്കരാണ്. അങ്ങനെ ബാപ്റ്റിസ്റ്റും വേറെയും രണ്ടുപേർ കൂടി ഉണ്ടായിരുന്നു. കുറച്ചു മുൻപ് വരെ നിങ്ങൾ അൽപ്പം ആശയക്കുഴപ്പത്തിലായിരുന്നിരിക്കാം. സഹോദരന്മാരിൽ ആരും ഇതിനെക്കുറിച്ച് സംസാരിച്ചില്ലെന്ന് ഞാൻ ശ്രദ്ധിച്ചു, എന്നാൽ ഞാൻ ചിന്തിച്ചു ഞാൻ അത് ശരിയാക്കുന്നതിന് ശ്രമിക്കുമെന്ന്. അപ്പോൾ സഹോദരൻ ഷക്കറിയൻ...ഇവിടെയുള്ള നല്ല പ്രഭാഷകൻ കർത്താവിന്റെ വരവ് വളരെ അടുത്താണെന്ന് അറിഞ്ഞതിൽ വളരെ സന്തോഷം നിറഞ്ഞവനായതിനുശേഷം, അവൻ—അവൻ ഞങ്ങളോട് ഒരു അജ്ഞാത ഭാഷയിൽ സംസാരിച്ചു. വ്യാഖ്യാനം നൽകുന്ന വ്യാഖ്യാതാക്കൾ ഞങ്ങളുടെ പക്കലുണ്ട്. തിരുവെഴുത്ത് പറയുന്നത്, "വ്യാഖ്യാനി ഇല്ലെങ്കിൽ അവർ മിണ്ടാതിരിക്കട്ടെ." പക്ഷേ എങ്കിൽ—അവർ അന്യഭാഷകളിൽ സംസാരിക്കുകയും പിന്നീട് അത് വ്യാഖ്യാനിക്കുകയും ചെയ്യുകയാണെങ്കിൽ അത് പ്രവചനമായി മാറുന്നു. അപ്പോൾ ചെറിയ ആശയക്കുഴപ്പമുണ്ടാകുന്നു—അവയിൽ രണ്ടെണ്ണം ഒരേസമയം ഉണ്ടാകുമ്പോൾ. ഇപ്പോൾ, അത് ഒരു ആശയക്കുഴപ്പമുണ്ടാക്കുന്ന കാര്യമായിരുന്നില്ല, നോക്കൂ; കാരണം, അവരിൽ ഒരാളാണ് വ്യാഖ്യാനം നൽകുന്നത്, മറ്റേയാൾ പ്രവചിക്കുകയായിരുന്നു. കണ്ടോ? അത് എങ്ങനെ എന്ന്...

12 നമ്മുടെ സഹോദരന്മാർക്ക് മനസ്സിലാക്കിക്കൊടുക്കാമെന്ന് ഞാൻ കരുതി, അവർക്ക് മനസ്സിലായില്ലെങ്കിൽ, കാരണം അവരിൽ ഒരാൾ ശരിയായി കൊടുക്കുകയായിരുന്നു...ഓരോന്നിന്റെയും സമയപരിധി നിങ്ങൾ ശ്രദ്ധിച്ചോ? മറ്റേയാൾ തന്നെത്താൻ ആത്മാവിൽ നിറഞ്ഞു, ദൈവത്തിന്റെ ആത്മാവ് ഒരാളിലൂടെ പ്രവചിക്കുകയും; മറ്റൊരാളിലൂടെ വ്യാഖ്യാനിക്കുകയും, വ്യാഖ്യാനം നൽകുകയും ചെയ്തുകൊണ്ടിരുന്നു. അതുകൊണ്ട് ഇത് വ്യക്തമാകാം, അതായത് നിങ്ങൾക്ക്... ഞങ്ങൾക്കല്ല...ചിലപ്പോൾ, സ്വാഭാവിക മനസ്സുള്ളവർക്ക്... ഇന്ന് രാവിലെ ക്ഷമാപണം നടത്തിയ നമ്മുടെ വിലയേറിയ സഹോദരനെപ്പോലെ. മനസ്സിലാകാത്ത വ്യക്തിക്ക് ഇത് അൽപ്പം ആശയക്കുഴപ്പമുണ്ടാക്കും. എന്നാൽ നമ്മൾ ഉൾപ്പെട്ടിരിക്കുന്ന യുദ്ധത്തിലെ യോദ്ധാക്കളായിരിക്കുന്ന നമുക്ക്, ഈ കാര്യങ്ങൾ എന്താണെന്നും എന്തിനാണെന്നും മനസ്സിലാകും. അതുകൊണ്ട്, എല്ലാം ശരിയാണെങ്കിൽ, അതിനെക്കുറിച്ച് എന്തെങ്കിലും പറയാമെന്ന് ഞാൻ കരുതി.

13 ഇപ്പോൾ, എനിക്ക്—ഇത് പറയാൻ പറ്റിയ സ്ഥലമല്ല ഇതെന്ന് എനിക്കറിയാം. പക്ഷേ എല്ലാവരും ചെറിയ കാര്യങ്ങൾ പറഞ്ഞുകൊണ്ടിരുന്നതിനാൽ, ഞാൻ...നിങ്ങൾക്കറിയാം, ആ വൃദ്ധനായ കറുത്തവർഗക്കാരൻ പറഞ്ഞത്, "എനിക്ക് പ്രസംഗിക്കാൻ നിങ്ങൾക്ക് വേണ്ടത്ര സ്ഥലമില്ല." എനിക്ക് പ്രസംഗിക്കാൻ നിങ്ങൾക്ക് ഇപ്പോൾ സമയവുമില്ല. [സഭ കൈയ്യടിക്കുന്നു.]—എഡിറ്റ്.] വളരെ ദീർഘമായി.

14 ഒരു ദിവസം ഒരാൾ പറഞ്ഞു, "ഒരു ശുശ്രൂഷകൻ വന്നു, ഇരുപത് വർഷത്തോളമായി അദ്ദേഹം പള്ളിയിൽ പാസ്റ്ററായിരുന്നു. എല്ലാ ഞായറാഴ്ചയും രാവിലെ അദ്ദേഹം പള്ളിയിൽ കൃത്യമായി മുപ്പത് മിനിറ്റ് മാത്രമേ പ്രസംഗിച്ചിരുന്നുള്ളൂ." അവൻ പറഞ്ഞു:"ഈ ഞായറാഴ്ച രാവിലെ അദ്ദേഹം മൂന്ന് മണിക്കൂർ പ്രസംഗിച്ചു."

15 അങ്ങനെ ഡീക്കൺ ബോർഡ് അവനെ വിളിച്ചു പറഞ്ഞു, "പാസ്റ്റർ, ഞങ്ങൾ നിങ്ങളെ ശരിക്കും അഭിനന്ദിക്കുന്നു." പറഞ്ഞു, "ഞങ്ങൾക്ക് അത് എപ്പോഴും അറിയാം—ബൈബിളിനും അതിന്റെ അവകാശങ്ങൾക്കും വേണ്ടി നിങ്ങൾ നിലകൊള്ളുന്നു." എന്നിട്ട് പറഞ്ഞു, "ദൈവമുമ്പാകെ ഞങ്ങൾക്ക് ശുദ്ധിയും നിർമ്മലതയും തോന്നാൻ വേണ്ടി നീ എപ്പോഴും ഞങ്ങളെ തിരുത്തുന്നു. ഞങ്ങൾ നിങ്ങളെ ശരിക്കും അഭിനന്ദിക്കുന്നു, നിങ്ങൾ ദൈവത്തിന്റെ ദാസനാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഇന്ന് രാവിലത്തെ സന്ദേശത്തെ തീർച്ചയായും ഞങ്ങൾ അങ്ങേയറ്റം വിലമതിക്കുന്നു.

പക്ഷേ,"പറഞ്ഞു, "ഞങ്ങൾ നിങ്ങളോട് ഒരു കാര്യം മാത്രമേ ചോദിക്കാൻ ആഗ്രഹിക്കുന്നുള്ളൂ."പറഞ്ഞു, "ഒരു ഡീക്കൺ ബോർഡ് എന്ന നിലയിൽ ഞങ്ങൾ നിങ്ങൾക്ക് സമയം നിശ്ചയിച്ചിരുന്നു." പറഞ്ഞു, "എല്ലാ ഞായറാഴ്ചയും രാവിലെ നിങ്ങൾ കൃത്യമായി മുപ്പത് മിനിറ്റ് മാത്രമേ എടുത്തിരുന്നുള്ളൂ, എന്നാൽ ഇന്ന് നിങ്ങൾ മൂന്ന് മണിക്കൂർ എടുത്തു." നിങ്ങൾക്ക് അറിയാം, വൃദ്ധനെ സന്തോഷിപ്പിച്ചുകൊണ്ട് അവർ പറഞ്ഞു, "ഇനി, ഓർക്കുക, നമ്മൾ അതിലെ ഓരോ ചെറിയ ഭാഗവും വിലമതിക്കുന്നു. എല്ലാം ശരിയായിരുന്നു."

16 അവൻ പറഞ്ഞു, "ശരി, സഹോദരന്മാരേ, അതെങ്ങനെയാണെന്ന് ഞാൻ നിങ്ങളോട് പറയാം." പറഞ്ഞു, "എല്ലാ ദിവസവും രാവിലെ ഞാൻ പോകുമ്പോൾ...എന്നെ പ്രസംഗവേദിയിലേക്ക് വിളിക്കുന്നു," അയാൾ പറഞ്ഞു, "ആ ചെറിയ ജീവൻ രക്ഷിക്കുന്നവയിൽ ഒന്ന് ഞാൻ എന്റെ വായിൽ വെക്കാറുണ്ട്,"അവൻ പറഞ്ഞു, "ഞാൻ അത് നുകരാറുമുണ്ട്." എന്നിട്ട് പറഞ്ഞു, "ആ ജീവൻ രക്ഷിക്കുന്നത് നുകർന്ന് കഴിയുമ്പോൾ," അദ്ദേഹം പറഞ്ഞു, "അതിന് മുപ്പത് മിനിറ്റ് മാത്രമേ എടുത്തിരുന്നുള്ളു," എന്നിട്ട് അയാൾ പറഞ്ഞു, "അപ്പോൾ ഞാൻ പ്രസംഗം നിർത്തുമായിരുന്നു." അവൻ പറഞ്ഞു, "നിങ്ങൾക്കറിയാം, ഇന്ന് രാവിലെ, കുറച്ച് അധിക സമയം എടുത്തു എന്ന് ഞാൻ കരുതി. ഞാൻ അത് പുറത്തേക്ക് തുപ്പി കളഞ്ഞു, എന്റെ വായിൽ ഒരു ബട്ടൺ ആണ് ഉണ്ടായിരുന്നത്."

17 ഞാൻ ഒന്നും വായിൽ ഇടാൻ പോകുന്നില്ല, അതുകൊണ്ട് നമ്മുടെ പോക്കറ്റിൽ നിന്ന് ബട്ടണുകൾ ഒന്നും കിട്ടരുതെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. പക്ഷേ നമ്മൾ...അത് ഇവിടെ ദൈവനിന്ദയായി തോന്നിയില്ലെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. പക്ഷേ ഞാൻ... നിങ്ങൾക്കറിയാമോ, ദൈവത്തിനുപോലും നർമ്മബോധം ഉണ്ട്, നിങ്ങൾക്കറിയാമോ.

18 അതുകൊണ്ട് ഇവിടെ ആയിരിക്കുന്നതിലും ഈ കൂട്ടായ്മ ലഭിച്ചതിലും ഞങ്ങൾ വളരെ നന്ദിയുള്ളവരാണ്, ഒപ്പം—എന്റെ സ്വന്തം ലളിതമായ ചെറിയ രീതിയിൽ വീണ്ടും ജീവന്റെ അപ്പം നുറുക്കാനുള്ള ഈ മഹത്തായ പദവിക്കും നന്ദിയുള്ളവരാണ്. കഴിഞ്ഞ രാത്രി ഇവിടെ ഇംഗ്ലണ്ടിൽ നിന്ന് വന്ന ദൈവശാസ്ത്രജ്ഞന്മാരെപ്പോലെ സംസാരിച്ച ആ മനുഷ്യനെയും; അങ്ങനെയുള്ള മനുഷ്യന്റെ പുറകിൽ നിൽക്കാനുള്ള ഏഴാം ക്ലാസ് വിദ്യാഭ്യാസമുള്ള എന്റെ മടിയും എനിക്കറിയാം. എന്നാൽ എന്റെ ഹൃദയത്തിലുള്ള അർത്ഥം ദൈവം

നിങ്ങൾക്ക് വ്യാഖ്യാനിച്ചു തരുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. കണ്ടോ? എന്റെ വാക്കുകൾ ശരിയല്ലെങ്കിൽ, എന്റെ ഉദ്ദേശ്യങ്ങൾ ശരിയാണ്, ഞാൻ—ഞാൻ വിശ്വസിക്കുന്നു.

19 ഇനി നമുക്ക് തിരുവെഴുത്ത് വായിക്കാം. നിങ്ങളിൽ പലരും പിന്തുടരാൻ ഇഷ്ടപ്പെടുന്നു. ഇന്ന് രാവിലെ ഞാൻ യിരെമ്യാ പ്രവാചകന്റെ പുസ്തകത്തിൽ നിന്ന് ഏതാനും നിമിഷങ്ങൾ മാത്രം വായിക്കാൻ പോകുന്നു, രണ്ടാം അദ്ധ്യായം, ഞാൻ ഇപ്പോൾ ഒന്നാം വാക്യത്തിൽ നിന്ന് തുടങ്ങാൻ പോകുകയാണ്.

*യഹോവയുടെ അരുളപ്പാടു എനിക്കുണ്ടായതെന്തെന്നാൽ:*

*നീ ചെന്നു യെരൂശലേം കേൾക്കെ വിളിച്ചു പറയേണ്ടതു: യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു; നിന്റെ യൗവനത്തിലെ ദയയും, നിന്നോടുള്ള സ്നേഹവും ഞാൻ ഓർക്കുന്നു, മരുഭൂമിയിലും വിതയ്ക്കാത്ത ദേശത്തും നീ എന്നെ പിന്തുടർന്നു നടന്നപ്പോൾ.*

*യിസ്രായേൽ യഹോവെക്കു വിശുദ്ധവും അവന്റെ വിളവിന്റെ ആദ്യഫലവുമായിരുന്നു. അവനെ വിഴുങ്ങുന്നവരെല്ലാം...അവർക്കു ദോഷം വന്നു ഭവിക്കും എന്നു യഹോവ അരുളിച്ചെയ്യുന്നു.*

*യാക്കോബ്ഗൃഹവും യിസ്രായേൽഗൃഹത്തിലെ സകലകുടുംബങ്ങളും ആയുള്ളോരേ, യഹോവയുടെ വചനം കേൾപ്പിൻ!*

*യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: നിങ്ങളുടെ പിതാക്കന്മാർ എന്നെ വിട്ടകന്നു പോകുവാൻ തക്കവണ്ണം എന്നിൽ എന്തൊരു അന്യായം കണ്ടു? മിഥ്യാമൂർത്തികളോടു ചേർന്നു നടന്നു വ്യർത്ഥന്മാരായിത്തീർന്നുവോ?*

*ഞങ്ങളെ മിസ്രയീംദേശത്തുനിന്നു പുറപ്പെടുവിച്ചു, മരുഭൂമിയിൽകൂടി നടത്തിക്കൊണ്ടു വന്ന യഹോവ എവിടെ എന്നു അവർ ചോദിച്ചില്ല. മരുഭൂമിയുടെയും കുഴികളുടെയും ദേശത്തിലൂടെ, വരൾച്ചയുടെയും മരണനിഴലുകളുടെയും ദേശത്തിലൂടെ, ആരും കടന്നുപോകാത്ത ദേശത്തിലൂടെ,... ആരും പാർക്കുന്നില്ലല്ലോ?*

*ഞാൻ നിങ്ങളെ സമൃദ്ധമായോരു ദേശത്തേക്കു കൂട്ടിക്കൊണ്ടുവന്നു; അതിന്റെ ഫലവും ഗുണവും അനുഭവിപ്പാൻ തന്നേ; എന്നാൽ അവിടെ എത്തിയ ശേഷം നിങ്ങൾ*

*എന്റെ ദേശത്തെ അശുദ്ധമാക്കി, എന്റെ അവകാശത്തെ മ്ലേച്ഛമാക്കിക്കളഞ്ഞു.*

*യഹോവ എവിടെ എന്നു പുരോഹിതന്മാർ ചോദിച്ചില്ല; ന്യായപ്രമാണത്തിന്റെ കരം എന്നെ അറിഞ്ഞതുമില്ല. ഇടയന്മാർ എന്നോടു അതിക്രമം ചെയ്തു, പ്രവാചകന്മാർ ബാൽ മുഖാന്തരം പ്രവചിച്ചു, പ്രയോജനമില്ലാത്തവയോടു ചേർന്നു നടന്നു.*

*അതുകൊണ്ട് ഞാൻ ഇനിയും...നിങ്ങളോടു വ്യവഹരിക്കും, നിങ്ങളുടെ മക്കളുടെ മക്കളോടും ഞാൻ വ്യവഹരിക്കും; എന്നു യഹോവയുടെ അരുളപ്പാട്.*

*നിങ്ങൾ കിത്തീയരുടെ ദ്വീപുകളിലേക്ക് കടന്നുചെന്നു നോക്കുവിൻ; കേതാരിലേക്ക് ആളയച്ചു നല്ലവണ്ണം അന്വേഷിച്ച്, ഇത്പോലെ സംഭവിച്ചിട്ടുണ്ടോ എന്നു നോക്കുവിൻ.*

*ഒരു ജാതി തന്റെ ദേവന്മാരെ മാറ്റിയിട്ടുണ്ടോ? അവ ദേവന്മാർ അല്ല താനും; എന്നാൽ എന്റെ ജനം തങ്ങളുടെ മഹത്വമായവനെ പ്രയോജനമില്ലാത്തതിന്നു പകരം മാറ്റിക്കളഞ്ഞിരിക്കുന്നു.*

*ആകാശമേ, ഇതിങ്കൽ വിസ്മയിക്കുക, ഏറ്റവും ഭയപ്പെടുക.... വളരെ ശൂന്യമായിപ്പോയി എന്നു യഹോവ അരുളിച്ചെയ്യുന്നു.*

*എന്റെ ജനം രണ്ടു ദോഷം ചെയ്തിരിക്കുന്നു; അവർ ജീവജലത്തിന്റെ ഉറവയായ എന്നെ ഉപേക്ഷിച്ചു, വെള്ളമില്ലാത്ത കിണറുകളെ, പൊട്ടക്കിണറുകളെ തന്നേ, കുഴിച്ചിരിക്കുന്നു.*

20 അവന്റെ വായിക്കപ്പെട്ട വചനങ്ങളോടു കർത്താവ് തന്റെ അനുഗ്രഹങ്ങളെ കൂട്ടിച്ചേർക്കാൻ ഇടവരട്ടെ. കൂടാതെ ഞാൻ ഇഷ്ടപ്പെടുന്നു—ഈ വേദഭാഗത്തുനിന്ന് *പൊട്ട ക്കിണറുകൾ* എന്ന വാചകമെടുക്കാൻ ഞാൻ ഇഷ്ടപ്പെടുന്നു.

21 ഇന്ന് രാവിലെ ഈ തിരുവെഴുത്ത് വായിക്കുമ്പോൾ; എല്ലാ തിരുവെഴുത്തുകളും പ്രചോദനത്താൽ നൽകപ്പെട്ടതാണ്. തിരുത്തലിനും മനസ്സിലാക്കലിനും വേണ്ടിയാണ് നാം കർത്താവിന്റെ ആലയത്തിലേക്ക് വരുന്നത്. ചിലപ്പോൾ നമ്മൾ...വഴിയിൽ എന്തെങ്കിലും ചെറിയ കാര്യങ്ങൾ കാണാം.

22 ഈ പട്ടാളക്കാരൻ, കുറച്ചുമുമ്പ്, ഞങ്ങളോട് സംസാരിച്ചുകൊണ്ടിരിക്കുകയും ചില കാര്യങ്ങൾ

പറഞ്ഞുകൊണ്ടിരിക്കുകയുമായിരുന്നു, ഒരുപക്ഷേ മറ്റേതെങ്കിലും രാജ്യത്ത് ഒരു പ്രത്യേക മിസൈലോ, അല്ലെങ്കിൽ—അല്ലെങ്കിൽ ആ ആശയത്തിലുള്ള എന്തെങ്കിലുമോ ഉണ്ടാകാം, അതിനെ പ്രതിരോധിക്കാൻ നമ്മൾ എന്തെങ്കിലും കണ്ടെത്തേണ്ടതുണ്ട്—ഒരു സൈനിക തന്ത്രത്തിൽ പറഞ്ഞാൽ.

23 ശരി, ഇതേ കാര്യം ഒരു പള്ളിയിലും, ഒരു മനുഷ്യൻ പ്രസംഗിക്കുന്ന ഒരു ഇടവകയിലും, അല്ലെങ്കിൽ അദ്ദേഹം തന്റെ മേഖലയിലുള്ള സുവിശേഷകനാണെങ്കിലും ഇത് തന്നേ സംഭവിക്കുന്നു. അപ്പോൾ അവൻ മുന്നേറ്റങ്ങളും, കഷ്ടിച്ച് ആരംഭിക്കുന്ന എന്തെങ്കിലും, പോയിക്കൊണ്ടിരിക്കുന്നവയും, അതിന്റെ ശൈശവാവസ്ഥയും അല്ലെങ്കിൽ അത് എന്തുതന്നെയായാലും അതെല്ലാം അവൻ കാണുന്നു; അത് ആ മനുഷ്യനാണ്, അയാൾ ഒരു ദൈവദാസനാണെങ്കിൽ, മനുഷ്യരുടെ മനസ്സിലുള്ള അത് വരെയുള്ള കാര്യങ്ങളെ തടുത്തു നിർത്തേണ്ടതായിട്ടുണ്ട്. ആയതിനാൽ അവർ അതിൽ നിന്ന് വിട്ടുനിൽക്കും. അങ്ങനെ സംഭവിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല,നമുക്ക് അത്തരത്തിലുള്ള സ്ഥലങ്ങളിലും.

24 ഇപ്പോൾ, ഇവിടെ യിരെമ്യാവിന്റെ കാലഘട്ടവും, അവന്റെ പ്രവചനവും നടന്നിട്ട്, യെശയ്യാവിന്റെ—യെശയ്യാവിന്റെ—മരണത്തിനു ശേഷം അറുപത് വർഷം ആയിരിക്കുന്നു. അതായത് ഒരു മുഖ്യ പ്രവാചകൻ ഇല്ലാതെ അവർക്ക് ഏകദേശം അറുപത് വർഷമായിരിക്കുന്നു. ഹബക്കൂക്കും ചില ചെറിയ ചെറിയ പ്രവാചകന്മാരും ഉണ്ടായിരുന്നു, എന്നാൽ യെശയ്യാവ് അവസാനത്തെ പ്രധാന പ്രവാചകനായിരുന്നു. ഈ സമയത്ത്, ആളുകൾക്ക് അവരെ വിളിക്കാൻ ആരും ഉണ്ടായിരുന്നില്ല. അവർ വികലമാക്കപ്പെട്ടിരുന്നു. എന്നിരുന്നാലും, അവർ ദൈവജനമായിരുന്നു, ഇപ്പോൾ ഈ അവസ്ഥയിലേക്ക് വഴുതിപ്പോയിരുന്നു—നമ്മൾ അവരെ കണ്ടെത്തുന്നത്, യിരെമ്യാവ് അവരോട് പ്രവചിക്കാൻ വന്നതുപോലെ, യിരെമ്യാവും അങ്ങനെ തന്നെയായിരുന്നു....പ്രവാസത്തിനു മുമ്പ് അവൻ പ്രവചിച്ചു, അവരോടൊപ്പം പ്രവാസത്തിലേക്കും പോയി.

25 പിന്നെ, തീർച്ചയായും, ദാനിയേൽ യിരെമ്യാവിനു പിന്നാലെ വരുന്നു. തിരുവെഴുത്തുകൾ അനുസരിച്ച്, അവർ അവിടെ ആയിരിക്കേണ്ട എഴുപത് വർഷങ്ങളെക്കുറിച്ച് തനിക്ക് ധാരണകളുണ്ടെന്ന് ദാനിയേൽ പറഞ്ഞു.

26 തീർച്ചയായും, അവരുടെ ഇടയിൽ മറ്റൊരു പ്രവാചകൻ ഉണ്ടായിരുന്നു, അവൻ ഈ നുകം വഹിക്കാൻ ആഗ്രഹിച്ചു, അവൻ കഴുത്തിൽ അത് വെച്ചപ്പോൾ, അതായത് അത് ഒരു ചെറിയ

കാര്യമായിരിക്കും, അതായത് രണ്ടു വർഷത്തിനുള്ളിൽ ദൈവം അവരെയെല്ലാം തിരിച്ച് കൊണ്ടുവരാൻ പോകുകയാണെന്ന്, എന്നാൽ യിരെമ്യാവിന് അതിൽ നിന്ന് വ്യത്യസ്തമായ ഒരു അറിവുണ്ടായിരുന്നു. തെറ്റായി പ്രവചിച്ച പ്രവാചകന് എന്തു സംഭവിച്ചുവെന്ന് നമുക്കറിയാം, അതേ വർഷം തന്നെ അദ്ദേഹം മരിച്ചു. അതിനാൽ ദൈവം അദ്ദേഹത്തെ നിൽക്കാൻ അനുവദിച്ചില്ല.

27 ഇപ്പോൾ ആ കാലത്തെ ആളുകളുടെ അവസ്ഥയും നമ്മൾ ശ്രദ്ധിക്കുന്നു. ഇനി നീ എന്നെ തെറ്റിദ്ധരിക്കരുത് എന്ന് ഞാൻ ആഗ്രഹിക്കുന്നു, ഞാൻ—ഞാനല്ല, ലക്ഷ്യം വയ്ക്കുന്നത്...ഞാൻ ഇവിടെ പറയാൻ ഉദ്ദേശിക്കുന്നത്, ചില തിരുവെഴുത്തുകളും ചെറിയ കുറിപ്പുകളും ആണ്.

28 പണ്ട് എനിക്ക് അങ്ങനെ ചെയ്യേണ്ടി വന്നില്ലായിരുന്നു—എന്റെ തിരുവെഴുത്തുകളും കാര്യങ്ങളും എഴുതാൻ. എന്നാൽ രണ്ടാം പ്രാവശ്യം എനിക്ക് ഇരുപത്തിയഞ്ച് കഴിഞ്ഞപ്പോൾ, ശരി, എനിക്ക്—എനിക്ക് പഴയതുപോലെ ഓർമ്മയില്ല, അതുകൊണ്ട് ഞാൻ തിരുവെഴുത്ത് എഴുതാറുണ്ട്, അതിൽ നിന്ന് ഞാൻ എവിടേക്കാണ് പോകുന്നതെന്ന് എനിക്ക് മനസ്സിലാകും. പിന്നെ രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കാൻ കൂടുതൽ സമയം ചെലവഴിച്ചതും, അങ്ങനെ മുന്നോട്ട് ഉള്ളവയും, പിന്നെ പുറത്തുപോകുമ്പോൾ ഞാൻ എന്താണ് ചെയ്യേണ്ടിയിരുന്നത് എന്നതിനെക്കുറിച്ച്, എനിക്ക് ശരിക്കും പഠിക്കാൻ സമയമുണ്ടാവാറില്ലായിരുന്നു.

29 ഇപ്പോൾ, എന്നാൽ ഇന്നത്തെ ഈ മഹാനായ പ്രവാചകൻ യിരെമ്യാവ് ആയിരുന്നു, അവൻ ആമോസിന്റെയും ഉയർന്നുവന്ന മറ്റു പല പ്രവാചകന്മാരുടെയും ക്രമപ്രകാരമായിരുന്നു. രാജ്യത്തിന്റെ അവസ്ഥ കണ്ടപ്പോൾ അദ്ദേഹം അസ്വസ്ഥനായി. ഇപ്പോൾ അവിടെയുണ്ടായിരുന്ന സ്ഥലങ്ങൾ....

30 ചിലപ്പോഴൊക്കെ നിങ്ങൾ ഒരു രാഷ്ട്രത്തെക്കുറിച്ച് സംസാരിക്കുമ്പോൾ, അത് ഒരു—ഒരു നിശ്ചിത കൂട്ടത്തെയാണ് പ്രതിബിംബിക്കുന്നത് എന്ന് കരുതിയേക്കാം. അതങ്ങനെയല്ല. രാജ്യത്തിന്റെ മൊത്തത്തിലുള്ള ചിത്രമാണത്. ഇന്ന് നമ്മൾ കണ്ടെത്തുന്നത്, ഒരു—യിരെമ്യാവിന്റെ കാലത്തുള്ള അതേ അവസ്ഥയാണെന്ന് താരതമ്യപ്പെടുത്താവുന്നതാണ്, ആ രാഷ്ട്രം മൊത്തത്തിൽ തന്നെ, ഏറെക്കുറെ ഒരു തരത്തിലുള്ള വിഗ്രഹാരാധനയിലേക്ക് കടന്നിരിക്കുന്നു; ഞാൻ പറയുന്നു ദൈവത്തിൽ നിന്ന് അകന്നുപോയിരിക്കുന്നു. അങ്ങനെ ചെയ്യുന്നതിലൂടെ, അത് പ്രസംഗവേദിയുടെ ബലഹീനതയായി

തീരുന്നു. കാരണം, പ്രസംഗപീഠം നേരെയും, ദൈവവചനത്തോടും കൂടി നിന്നിരുന്നെങ്കിൽ, ദൈവം ഇവിടെ നമ്മുടെ ഇടയിൽ സഞ്ചരിക്കുന്നതുപോലെ എല്ലാ സഭയിലും ഉണ്ടായിരിക്കും. പക്ഷേ അവർ അതിൽ നിന്നെല്ലാം മാറി നയിക്കപ്പെട്ടിരിക്കുന്നു. ആ ഒരു കാര്യത്തെ പറ്റിയാണ് ഞാൻ—ഞാൻ ഇന്ന് രാവിലെ സംസാരിക്കാനാഗ്രഹിക്കുന്നത്. ഇപ്പോൾ എല്ലാ യുഗത്തിലും അത് തികച്ചും സത്യമാണെന്ന് നമുക്ക് മനസ്സിലാകുന്നു.

31 കുറച്ചു മുൻപ് ഞാൻ പരാമർശിച്ചതുപോലെ, അത് ആമോസ് ആയിരുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു, അവൻ പറഞ്ഞു അവൻ "ഒരുപ്രവാചകനോ, പ്രവാചകന്റെപുത്രനോ അല്ല." എന്നാൽ പറഞ്ഞു, "സിംഹം ഗർജ്ജിക്കുമ്പോൾ ആർക്കാണ് ഭയപ്പെടാതിരിക്കാൻ കഴിയുക?"

32 ആരെങ്കിലും വന്യതയിൽ ഒരു യഥാർത്ഥ സിംഹഗർജ്ജനം കേട്ടിട്ടുണ്ടെങ്കിൽ, ഇവിടെയുള്ള കൂട്ടകളിൽ നിന്ന് കേൾക്കുന്ന ഇവ വെറും മ്യാവൂ ശബ്ദം മാത്രമാണ്. പക്ഷേ, വന്യതയിൽ ഉള്ള ഒരു അലർച്ച, എല്ലാം ശ്രദ്ധിക്കുന്നു. ഞാൻ അവയെ വേട്ടയാടാൻ കാട്ടിൽ കിടന്നിട്ടുണ്ട്. അവൻ മൃഗങ്ങളുടെ രാജാവാണ്, ആ സിംഹം ഗർജ്ജിക്കുമ്പോൾ, വണ്ടുകൾ പോലും ചിലക്കുന്നത് നിർത്തുന്നു, എല്ലാം അപ്രകാരം തന്നെ ചെയ്യുന്നു. ആ—ആ കുറുക്കന്മാരും കൂടാതെ ആ—കൂടാതെ ആ കഴുതപ്പുലികൾ നിലവിളിക്കുന്നതും, മറ്റ് മൃഗങ്ങളുടെയും, ബാബൂണുകളുടെയും കുരങ്ങുകളുടെയും, വണ്ടുകളുടെയും കരച്ചിലും, നിങ്ങൾ സ്വയം ചിന്തിക്കുന്നത് പോലും കേൾക്കാൻ കഴിയില്ല; പക്ഷേ ദൂരെ ഒരു സിംഹം ഗർജ്ജിക്കട്ടെ, എല്ലാ വണ്ടുകളും അലറുന്നത് നിർത്തും. നോക്കൂ, എല്ലാം അവനെ ഭയപ്പെടുന്നു. എന്നിരുന്നാലും, അവനെ കൊല്ലാൻ കഴിയുന്ന നിരവധി കാര്യങ്ങളുണ്ട്, പക്ഷേ അവൻ മൃഗങ്ങൾക്കിടയിൽ രാജാവായി അംഗീകരിക്കപ്പെട്ടിരിക്കുന്നു.

33 അവൻ പറഞ്ഞു, "സിംഹം ഗർജ്ജിക്കുമ്പോൾ ആർക്കാണ് ഭയപ്പെടാതിരിക്കാൻ കഴിയുക?" അവൻ പറഞ്ഞു, "ദൈവം സംസാരിക്കുമ്പോൾ, ആർക്കാണ് പ്രവചിക്കാതിരിക്കാൻ കഴിയുക?"

34 ഇന്ന് ആ അവസ്ഥ വീണ്ടും ആ വെല്ലുവിളിയെ നേരിടുന്നുവെന്ന് ഞാൻ കരുതുന്നു. ദൈവം സംസാരിച്ചിരിക്കുന്നു. കണ്ടോ? ചുവരിലെ കയ്യെഴുത്ത് നമുക്ക് കാണാൻ കഴിയും, അതുകൊണ്ട് നമ്മൾ അന്ത്യകാലത്താണെന്ന് പ്രവചിക്കാനും കാണാനും വളരെ എളുപ്പമാണ്.

35 കത്തോലിക്കാ സഭ മുതൽ ഉടനീളം എല്ലാ വിഭാഗങ്ങളിലും, നാം ദൈവത്തെ കണ്ടുകൊണ്ടിരിക്കുന്നു, എല്ലാ പ്രൊട്ടസ്റ്റന്റ്

സഭകളിലൂടെയും, ബുദ്ധന്മാരിലൂടെയും, എന്തിനധികം, ക്കുടുതലായി ഇന്ത്യയിൽ നിന്നും, അവൻ തന്റെ ജനത്തെ വിളിച്ചുകൂട്ടുന്നു, അവരെ ഒരുമിച്ചുകൂട്ടുകയും ചെയ്യുന്നു. ഈ ദിവസം വരുന്നത് കാണുന്നതിൽ ഞാൻ—ഞാൻ വളരെ സന്തോഷവാനാണ്. ഇപ്പോൾ നമുക്ക്... ഇത്—ഇതൊരു മഹത്തായ ദിവസമാണ്, ഏറ്റവും വലിയ പ്രത്യേക അവകാശങ്ങളിൽ ഒന്നാണ്.

36 അതായത്, ഞാൻ അറിയേണ്ടി വന്നിരുന്നെങ്കിൽ, ഞാൻ അറിഞ്ഞിട്ടുണ്ടാകുമായിരുന്നെങ്കിൽ, ലോകം ഉണ്ടാകുന്നതിനു മുമ്പ്, നമ്മൾ ആത്മാക്കളായി, ദൈവത്തിന്റെ ഒരു ഭാഗമായിരുന്നു എന്ന്, നമ്മൾ അതാകുന്നു, കാരണം ലോകസ്ഥാപനത്തിനു മുമ്പുതന്നെ നാം അവനോടുകൂടെ ആയിരുന്നു. കാരണം, നിത്യജീവന്റെ ഒരേ ഒരു രൂപമേയുള്ളൂ, അത് ദൈവമാണ്.കൂടാതെ നാം അവന്റെ ഒരു ഭാഗവുമാണ്. നമുക്ക് ചിന്തിക്കാൻ കഴിയുന്നതിലും കൂടാതെ—കൂടാതെ നമുക്ക് നമ്മെ കുറിച്ച് അറിയുമായിരുന്ന അത്ര അല്ല നാം, കൂടാതെ നമുക്ക് ഒരു അസ്തിത്വവും ഉണ്ടായിരുന്നു; എന്നാൽ ലോകസ്ഥാപനത്തിനുമുമ്പ്, നാം ആരായിരുന്നു എന്നതിനെക്കുറിച്ച് അവന്റെ ചിന്തയിലുണ്ടായിരുന്നു. കാരണം, നമ്മളും അവന്റെ ഭാഗമാണ്, എന്റെ മകൻ എന്റെ ഭാഗമാകുന്നതുപോലെ, ഞാൻ എന്റെ പിതാവിന്റെ ഭാഗമാകുന്നതുപോലെ, അങ്ങനെ പലതും. ദൈവത്തിന്റെ മുന്നറിവുകൊണ്ട് നാം അവന്റെ പുത്രന്മാരും പുത്രിമാരുമാണ്.

37 പുറകോട്ട് വന്നാൽ ഞാനിപ്പോൾ അറിയുന്നത്പോലെ എനിക്ക് പണ്ട് അറിയാൻ കഴിയുമായിരുന്നുവെങ്കിൽ അതുപോലെ സമയത്തിന്റെ ദീർഘതയെ മൊത്തമായി കാണാൻ കഴിഞ്ഞിരുന്നുവെങ്കിൽ, അവൻ എന്നോട് പറഞ്ഞിട്ടുണ്ടാകുമായിരുന്നു, "ഏത് സമയത്താണ് നീ ജീവിക്കാൻ ആഗ്രഹിക്കുന്നത്?" ഞാൻ മറുപടി പറഞ്ഞിട്ടുണ്ടാകുമായിരുന്നു ഇപ്പോൾ തന്നെയാണ് ആ സമയമെന്ന്, ലോക ചരിത്രം അവസാനിക്കേണ്ടതായ—ഈ കാലഘട്ടത്തിൽ തന്നെ, ഭൂമിയിൽ സ്ഥാപിക്കപ്പെടാൻ പോകുന്ന ദൈവരാജ്യത്തിന്റെ വരവിന്റെ ഈ സമയത്തും. എല്ലാ യുഗങ്ങളിലെയും ഏറ്റവും മഹത്തായ സമയം ഇപ്പോൾ തന്നെയാണെന്ന് ഞാൻ കരുതുന്നു,.

38 ദൈവം അവനെ നിയമിച്ച് പുറത്തേക്ക് അയച്ചപ്പോൾ, യിസ്രായേലിന്റെ മേൽ പ്രവാചകനാൽ കുറ്റം ആരോപിക്കപ്പെട്ടിരുന്നു എന്ന് നാം മനസിലാക്കുന്നു. രണ്ട് വലിയ പാപങ്ങളാണ് അവർക്കെതിരെ ചുമത്തിയിരിക്കുന്നത്. അവർ ചെയ്ത ആ രണ്ട് കാര്യങ്ങളെക്കുറിച്ചാണ് നമ്മൾ സംസാരിക്കാൻ ആഗ്രഹിക്കുന്നത്.

അതിൽ നിന്ന്, നാം അഭിവൃദ്ധി പ്രാപിക്കാൻ ആഗ്രഹിക്കുന്നു. ഇപ്പോൾ, അവർ ജീവജലത്തിന്റെ ഉറവയായ ദൈവത്തിൽ നിന്ന് പിന്തിരിഞ്ഞു, തന്നെത്താൻ ജലസംഭരണികൾ നിർമ്മിച്ചിരിക്കുന്നു. ദൈവം അവർക്ക് നൽകിയതിൽ നിന്ന് അവർ പിന്തിരിഞ്ഞു പോവുകയും, അവർ സ്വയം എന്തോ ഒന്ന് നിർമ്മിക്കുകയും ചെയ്തിരിക്കുന്നു. അവനുണ്ടായിരുന്ന ഈ ജലസംഭരണികൾ, നിങ്ങൾ ശ്രദ്ധിച്ചോ, അവ പൊട്ടിയവയും ചോരുന്നവയും ആയിരുന്നു.

39 ഇപ്പോൾ, പൊട്ടിയ ഒരു ജലസംഭരണിക്ക് വെള്ളം പിടിച്ച് നിർത്താൻ കഴിയുകയില്ല. അത് പുറത്തേക്ക് ചോർന്നുപോകും. ഞാൻ വളർത്തപ്പെട്ടത് ഒരു കൃഷിയിടത്തിലാണ്, പഴയ ഒരു ജലസംഭരണി എന്താണെന്ന് എനിക്കറിയാം, അത് കൊണ്ട് നമുക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടും എനിക്കറിയാം.

40 ഞാൻ വിചാരിക്കുന്നു, ഈ ചോർന്നൊലിക്കുന്ന ജലസംഭരണി, ഇന്നിന്റെ ഏറ്റവും ഉത്തമമായ ഒരു—ഒരു ചിത്രമാണ്, അതായത് അപ്പോൾ (നമ്മുടെ) മനുഷ്യനെ ഒന്നിപ്പിക്കാൻ, ആളുകളെ ഒന്നിപ്പിക്കാൻ, പള്ളികളെ ഒന്നിപ്പിക്കാൻ നമ്മൾ ശ്രമിച്ചതെല്ലാം, അത് എപ്പോഴും ബുദ്ധിപരമായ ശ്രമങ്ങളുടെ മണ്ഡലത്തിലായി മാറിയിരിക്കുന്നു. എല്ലാ മെത്തഡിസ്റ്റുകളെയും ബാപ്റ്റിസ്റ്റുകളാക്കാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്, തിരിച്ചും, വ്യത്യസ്ത വിഭാഗങ്ങളെയും. ആരംഭത്തിൽ തന്നെ അത് ദൈവത്തിന്റെ പരിപാടി ആയിരുന്നില്ല.

41 ദൈവത്തിന് ഒരു സന്ദർശന സ്ഥലം മാത്രമേയുള്ളൂ. പുറപ്പാടിന്റെ പുസ്തകത്തിൽ അവൻ അത് അവിടെ പറഞ്ഞിട്ടുണ്ട്, അതായത്, "എന്റെ നാമം സ്ഥാപിക്കാൻ ഞാൻ ഒരു സ്ഥലം തിരഞ്ഞെടുത്തിട്ടുണ്ട്, ആ ഒരു സ്ഥലത്തു വെച്ച് മാത്രമേ ഞാൻ ജനങ്ങളെ കണ്ടുമുട്ടുകയുള്ളൂ." അവൻ അവന്റെ നാമം സ്ഥാപിക്കുന്നതിന് ഒരു സ്ഥലം തിരഞ്ഞെടുത്തു. അവൻ തന്റെ നാമം സ്ഥാപിച്ച സ്ഥലത്ത്, അവൻ ഇസ്രായേലിനെ കണ്ടുമുട്ടി. ഇന്ന് തന്റെ സഭയെ കണ്ടുമുട്ടുന്ന ഒരു സ്ഥലം അവന് ലഭിച്ചിട്ടുണ്ട്, അവൻ ആ നാമം തിരഞ്ഞെടുത്തു, ആ നാമം യേശുക്രിസ്തു എന്നാണ്. ഒരുവൻ എപ്പോഴാണോ ക്രിസ്തുവിൽ ആയിരിക്കുന്നത്, അപ്പോഴാണ് അവൻ യഥാർത്ഥ വിശ്വാസിയെ കണ്ടുമുട്ടുന്നത്. അവിടെയാണ് ദൈവം തന്റെ നാമം സ്ഥാപിക്കാൻ തെരഞ്ഞെടുത്തിരിക്കുന്നത്.

നിങ്ങൾ പറയാം, "ദൈവത്തിന്റെ നാമമോ?"

42 അവൻ പറഞ്ഞു, "ഞാൻ എന്റെ പിതാവിന്റെ നാമത്തിൽ വന്നു." അപ്പോൾ ദൈവം തന്റെ നാമം സ്ഥാപിച്ചത് അവിടെയാണ്, ക്രിസ്തുവിലായിരുന്നു. ക്രിസ്തുവിലാണ് നമുക്കെല്ലാവർക്കും ചൊരിയപ്പെട്ട

രക്തത്തിൻ കീഴിൽ കണ്ടുമുട്ടാൻ കഴിയുന്നത്, അവിടെ യഥാർത്ഥ കൂട്ടായ്മയുണ്ട്.

43 ദൈവം തന്റെ പരിപാടി ആരംഭത്തിൽ തന്നെ ഏദൻ തോട്ടത്തിൽ വെച്ചാണ് നടത്തിയത്, അവിടെയാണ് അവൻ മനുഷ്യനെ കണ്ടുമുട്ടുന്നത്, അത് ബുദ്ധിപരമായ ധാരണകളെ അടിസ്ഥാനമാക്കിയുള്ളതായിരുന്നില്ല; അങ്ങനെയായിരുന്നെങ്കിൽ, ഹവ്വാ അവന്റെ പദ്ധതിയുമായി കൃത്യമായി യോജിച്ച് പോകുമായിരുന്നു. പക്ഷേ നമുക്കറിയാം അവൾ സാത്താന്റെ ബുദ്ധിപരമായ സങ്കൽപ്പത്തെ സ്വീകരിച്ചു, "തീർച്ചയായും ദൈവം അങ്ങനെ ചെയ്യില്ല," പക്ഷേ ദൈവം പറഞ്ഞു അവൻ ചെയ്യും! അതുകൊണ്ട് പിന്നീട് അവൻ വീണ്ടെടുപ്പിന്റെ സ്ഥലം തിരഞ്ഞെടുത്തു, അത് രക്തത്താലായിരുന്നു, ബുദ്ധിപരമായ സങ്കൽപ്പത്താലല്ല.

44 അപ്പോൾ നമ്മൾ നിഷ്ഫലമായ ശ്രമം നടത്തുക മാത്രമാണ് ചെയ്യുന്നത്, പക്ഷേ അത് മനുഷ്യ സ്വഭാവം മാത്രമാണ്—ആളുകൾ ശ്രമിക്കും എന്ന്—അത് ചെയ്യുന്നതിന്. നമുക്ക് സമയമുണ്ടായിരുന്നുവെങ്കിൽ, നമുക്ക് അത് കൂടുതൽ വിശദമാക്കാമായിരുന്നു, എന്നാൽ ഞാൻ നിങ്ങളെ വെറുപ്പിക്കാൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് ഞങ്ങൾ ഇത് കഴിയുന്നത്ര ലളിതമാക്കാൻ ശ്രമിക്കും, "ചോരുന്ന ജലസംഭരണികൾ." അത്—അത് തീർത്തും വീണ്ടും സംഭവിക്കുന്നു എന്ന് നാം കണ്ടെത്തുന്നു, നമ്മൾ ജീവിക്കുന്ന കാലഘട്ടത്തിന്റെയും, നമ്മുടെ എല്ലാ ശ്രമങ്ങളുടെയും ഒരു യഥാർത്ഥ ചിത്രമാണിത്.

45 യേശുക്രിസ്തുവിന്റെ നാമം പോലും ഉച്ചരിക്കുന്ന ഏതൊരു ദൈവദാസന്റെയും എല്ലാ പ്രയത്നങ്ങൾക്കും ഒരു അവഗണനയും ഉണ്ടായിരിക്കുന്നതല്ല. ബഹുമാനത്തോടും ഭക്തിയോടും കൂടി കർത്താവിന്റെ നാമം ഉച്ചരിക്കുന്ന അവനെ ആദരിക്കപ്പെടേണ്ടതാണ്. ഈ അന്ത്യനാളുകളിൽ ഭൂമിയിലുടനീളമുള്ള മഹത്തായ സുവിശേഷ സംവിധാനങ്ങളും മറ്റും, യേശുക്രിസ്തുവിന്റെ രക്തത്തിനു കീഴിൽ ആളുകളെ ആക്കുന്നതുവരെ നമുക്ക് ജനങ്ങളെ ഒറ്റ ഹൃദയത്തിൽ ആക്കുവാൻ ഇപ്പോഴും ഒരിക്കലും കഴിയില്ലെന്ന് ഞാൻ കരുതുന്നു. നമുക്ക് സുരക്ഷിതമായിരിക്കുന്ന ഒരേയൊരു സ്ഥലം അതാണ്.

46 അധികം കാലം മുമ്പല്ലാതെ, കിഴക്കു നിന്ന് ആരോ എന്നെ വിളിച്ചിരുന്നു, എന്നിട്ട് പറഞ്ഞു, "സഹോദരൻ ബ്രൺഹാം, നിങ്ങൾ പുറത്തേക്ക് താമസം മാറിയെന്ന് ഞാൻ കേട്ടു—അരിസോണയിലേക്ക്, എന്നിട്ട് നിങ്ങൾ ഒരു—ഒരു സുരക്ഷിതത്വമുള്ള സ്ഥലം രൂപീകരിച്ചു." സന്ദേശം എങ്ങനെ

വരുമെന്ന് നിങ്ങൾക്കറിയാവുന്നത്പോലെ, അലാസ്കയിൽ എന്ത് സംഭവിക്കുമെന്ന് കർത്താവ് എന്നോട് പറഞ്ഞതും, കൂടാതെ കാലിഫോർണിയയിലൂടെ അത് എത്ര താഴേക്ക് ആയിരിക്കും, അത് അങ്ങനെ തന്നെയായിരുന്നു. അവർ പറഞ്ഞു, "ഇപ്പോൾ അത് കുലുങ്ങുകയാണെങ്കിൽ, എല്ലാം തന്നെ, സുരക്ഷിത മേഖല എവിടെയാണ്?"

47 ഞാൻ പറഞ്ഞു, "എനിക്ക് അറിയാവുന്ന ഒരു സുരക്ഷാ മേഖലയുണ്ട്. അത് ക്രിസ്തുവിലാണ്. ക്രിസ്തുവിലുള്ളവർക്ക്, ആയിരിക്കും..." എനിക്ക് അറിയാവുന്ന ഒരേയൊരു വ്യക്തി ഇതാണ്.

48 യിരെമ്യാവും, വിളിക്കപ്പെട്ടു, "കരയുന്ന പ്രവാചകൻ." കാരണം, ഞാൻ വിശ്വസിക്കുന്നു, അത് ഈ പ്രവാചകനെ കരയിപ്പിച്ചു—കരയിപ്പിച്ചു, മറിച്ച്, കാരണം അദ്ദേഹം ഒരു പ്രവാചകൻ ആയിരുന്നു (കർത്താവിന്റെ വചനം അങ്ങനെയാണ് വരുന്നത്) ജനങ്ങൾ തങ്ങളുടെ പാരമ്പര്യങ്ങൾ അനുസരിച്ചു നടക്കുന്നത് കണ്ടപ്പോൾ, അവർ എല്ലാം ശരിയാണെന്നും അവരെ പിന്തിരിപ്പിക്കാൻ ഒരു വഴിയുമില്ലെന്നും കരുതി.

49 കാരണം, അവർ നേരെ പ്രവാസത്തിലേക്ക് പോകുകയായിരുന്നു, കാരണം നിങ്ങൾ വിതയ്ക്കുന്നത് കൊയ്യുമെന്ന് ഞങ്ങൾക്കറിയാം, നിങ്ങൾ ആരാണെന്നും, എന്താണെന്നും പരിഗണിക്കാതെ. ഒരു രാഷ്ട്രമെന്ന നിലയിൽ നമ്മൾ കൊയ്തിട്ടുണ്ട്, അല്ലെങ്കിൽ, വിതച്ചിട്ടുണ്ട്, മറിച്ച്, നാം കൊയ്യേണ്ടതുണ്ട്. നാളെ ഉച്ചകഴിഞ്ഞ്, കർത്താവ് അനുവദിക്കുന്നുവെങ്കിൽ, *പ്രസവവേദനയെക്കുറിച്ച്* ഞാൻ സംസാരിക്കുന്നതാണ്; കൂടാതെ ഞാൻ—കൂടാതെ ഞാൻ അത് അവിടെ പരാമർശിക്കുന്നതാണ്, അതായത് നമുക്ക് ഒന്നുമില്ലാതെ മുന്നോട്ട് പോകാൻ കഴിയില്ല. നമ്മൾ വിതയ്ക്കുന്നത് കൊയ്യണം.

50 ദൈവം ഇന്ന് നമ്മളെ ക്രിസ്തുമതത്തെ വളച്ചൊടിച്ചതിലൂടെ കടന്നുപോകാൻ അനുവദിച്ചാൽ, ആളുകളെ വഴിതെറ്റിക്കുന്നതും ക്രിസ്തുമതം എന്ന് വിളിക്കപ്പെടുന്ന കാര്യങ്ങളിലേക്ക് നയിക്കുന്നതുമാണ്, ബ്രദർ മൂർ ഒരിക്കൽ പറഞ്ഞതുപോലെ, "സൊദോമിനെയും ഗൊമോറയെയും പുനരുജ്ജീവിപ്പിക്കാനും അവ കത്തിച്ചതിന് ക്ഷമ ചോദിക്കാനും, അവൻ ധാർമ്മികമായി ബാധ്യസ്ഥനാകും." അത് ശരിയാണ്, കാരണം ദൈവം ഇപ്പോഴും നീതിമാനാണ്. അനീതി എവിടെയാണോ അവിടെയെല്ലാം സംഭവിച്ചിരിക്കുന്നത് അതാണ്; അത്—അത് ആളുകൾ വിതയ്ക്കുന്നതിന്റെ ഫലം കൊയ്യാൻ അവൻ അവരെ പ്രേരിപ്പിക്കുന്നത്

അവന്റെ വിശുദ്ധിക്കും വചനത്തിനും ഒരു കാരണമായിത്തീരുന്നു, നമ്മൾ അങ്ങനെ ചെയ്യേണ്ടിവരും.

51 ഇപ്പോൾ ശ്രദ്ധിക്കുക അവർ അവനെ ഉപേക്ഷിച്ചു, ജീവജലത്തിന്റെ ഉറവയെ, എന്നിട്ട് അവർ തന്നത്താൻ കിണറുകൾ കുഴിച്ചു.

52 ഇപ്പോൾ ഒരു ജലസംഭരണി എന്താണെന്ന് മനസ്സിലാകാത്ത ആരെങ്കിലും ഇവിടെ ഉണ്ടായിരിക്കാം. ഒരു കിണറിന്റെ സ്ഥാനം ഏറ്റെടുക്കാൻ ശ്രമിക്കുന്ന മനുഷ്യ-നിർമ്മിതമായ ഒരു ടാങ്കാണ് ജലസംഭരണി. അത് ആരോ കുഴിച്ച ഒന്നാണ്. എത്ര പേർക്ക് ഒരു ജലസംഭരണി എന്താണെന്ന് അറിയാം? നല്ലത്. എല്ലാം ശരി, ഇന്ന് രാവിലെ ഇവിടെ ധാരാളം ഗ്രാമീണർ ഉണ്ട്. അതുകൊണ്ട് അവർ...ആ സ്ഥലത്തെ പഴയ ജലസംഭരണി, അത് എങ്ങനെയായിരുന്നുവെന്ന് ഞാൻ ഓർക്കുന്നു, അതിൽ നിന്ന് കുടിക്കാൻ എനിക്ക് എപ്പോഴും ഭയമായിരുന്നു. അതൊരു— ഒരു മനുഷ്യ-നിർമ്മിത ടാങ്ക് ആയിരുന്നു. അതിനെ ഒരിക്കലും ആശ്രയിക്കാൻ കഴിയില്ല. നിങ്ങൾക്ക് ഒരു ജലസംഭരണിയെ ആശ്രയിക്കാൻ കഴിയില്ല.

53 ഇപ്പോൾ മനുഷ്യൻ ചെയ്യുന്നതൊന്നും സാധാരണയായി അത്ര നല്ലതല്ല. പക്ഷേ അതുപോലെ തന്നെ—കർത്താവ് സമയം നിശ്ചയിച്ച ലേക്ക്—ലേക്ക്—അതിന്റെ ചക്രത്തിലേക്ക്, ഭൂമി തിരിയുന്നു; എല്ലാ വർഷവും, ഓരോ തവണയും അത് മുറിച്ചുകടക്കുമ്പോഴും, എല്ലാ ദിവസവും, ഓരോ മണിക്കൂറിലും, സൂര്യൻ അസ്തമിക്കുമ്പോഴും, അത് ഒരിക്കലും പരാജയപ്പെടുന്നില്ല. പക്ഷേ നമുക്ക് കിട്ടാവുന്ന ഏറ്റവും മികച്ച വാച്ചുകൾ, പോലും ഒരു മാസത്തിനുള്ളിൽ നിരവധി മിനിറ്റുകൾ പരാജയപ്പെട്ടു പോകും, അതിൽ സംശയമില്ല. പക്ഷേ, നിങ്ങൾ നോക്കൂ, ദൈവം ചെയ്യുന്നതെല്ലാം പൂർണ്ണമാണ്, മനുഷ്യൻ ചെയ്യുന്നത് അപൂർണ്ണമാണ്. പിന്നെ എന്തിനാണ് മനുഷ്യൻ ചെയ്യുന്നത് അംഗീകരിക്കുന്നത്, നിങ്ങൾക്ക് പൂർണത കൈവരിക്കാൻ കഴിയുമ്പോൾ?

54 പെന്തക്കോസ്തുക്കാരായ ഞങ്ങളെക്കുറിച്ചാണ് ഞാൻ എപ്പോഴും അങ്ങനെ പറഞ്ഞിട്ടുള്ളത്. നോക്കൂ, നമുക്കറിയാം, പക്ഷേ നമുക്കറിയില്ല—ഞങ്ങൾ ദൈവകല്പനയ്ക്ക് പുറത്തല്ല, തീർച്ചയായും, ഞങ്ങൾ വിശ്വസിക്കുന്നില്ല; പക്ഷേ നമുക്കിടയിൽ മറ്റൊരു വ്യക്തിയെപ്പോലെ ആൾമാറാട്ടം നടത്താൻ ശ്രമിക്കുന്ന ആളുകളുണ്ടെന്ന് നമുക്കറിയാം. അത് വെറും മാനുഷികമാണ്. അവർ അത് ചെയ്യാൻ ശ്രമിക്കും. ബൈബിളിൽ അവർ

അത് ചെയ്തു, "ഒരുവൻ, 'ഞാൻ പൗലോസിന്റേതാണ്,' 'ഞാൻ സിലാസിന്റേതാണ്,'" തുടങ്ങിയവ. പക്ഷേ അവർ—മറ്റൊരാൾ ചെയ്തതോ ചെയ്യുന്നതോ ആയി അവർ ആൾമാറാട്ടം നടത്താൻ ശ്രമിക്കുന്നു.

55 പക്ഷേ ആകാശം മുഴുവൻ യഥാർത്ഥ വസ്തുക്കളാൽ നിറഞ്ഞിരിക്കുമ്പോൾ, നിങ്ങൾ എന്തിനാണ് ഒരു വ്യാജ ആൾമാറാട്ടം സ്വീകരിക്കുന്നത്, അപ്പോൾ "വാഗ്ദാനം നിങ്ങൾക്കും നിങ്ങളുടെ കുട്ടികൾക്കുമുള്ളപ്പോൾ"? വ്യത്യസ്തമായ എന്തെങ്കിലും നമ്മൾ എന്തിനാണ് സ്വീകരിക്കുന്നത്? ബൈബിൾ ദൈവത്തിന്റെ മായം ചേർക്കാത്ത വചനമായിരിക്കെ, നമ്മൾ എന്തിനാണ് ഒരു വിശ്വാസപ്രമാണമോ സിദ്ധാന്തമോ ഏറ്റെടുക്കുന്നത്? വെളിപ്പാട് 22:18-ൽ കർത്താവായ യേശു പറഞ്ഞപ്പോൾ, നാം എന്തിനാണ് അതിനോട് കൂട്ടാനോ കുറയ്ക്കാനോ ശ്രമിക്കുന്നത്, "ആരെങ്കിലും അതിൽ നിന്ന് ഒരു വാക്ക് എടുത്താൽ, അല്ലെങ്കിൽ അതിനോട് ഒരു വാക്ക് ചേർത്താൽ, അവന്റെ പങ്ക് ജീവപുസ്തകത്തിൽ നിന്ന് എടുക്കപ്പെടും."?

56 ദൈവം ആദ്യമായി മനുഷ്യവംശത്തെ സൃഷ്ടിച്ചപ്പോൾ...ഭൂമിയിൽ, അവൻ അവരോട് പറഞ്ഞു അവർ അവന്റെ വചനപ്രകാരം ജീവിക്കുന്നു. ഇപ്പോൾ ദൈവവചനം ഒരു ചങ്ങല പോലെയാണ്, നിങ്ങൾ അതുമായി നരകത്തിലൂടെ കടന്നുപോകുന്നു; അതിന്റെ ഏറ്റവും ദുർബലമായ കണ്ണിയിൽ മാത്രമാണ് അതിന്റെ ശൃംഖല ഏറ്റവും മികച്ചത്, അതിലെ ഓരോ വാക്കും നാം പാലിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. അതായിരുന്നു ബൈബിളിലെ ആദ്യത്തേത്; ഒരു വചനം തകർക്കാൻ വേണ്ടി മാത്രം, മനുഷ്യവംശത്തെ മരണത്തിന്റെ അന്ധകാരത്തിലേക്ക് തള്ളിവിട്ടു.

57 ബൈബിളിന്റെ മധ്യത്തിൽ യേശു വന്നു, അവൻ പറഞ്ഞു, "മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, സകലവചനംകൊണ്ടും ജീവിക്കും." വചനങ്ങളുടെ ഒരു ഭാഗം മാത്രമല്ല, നൂറിൽ തൊണ്ണൂറ്റി ഒമ്പത് ഭാഗവുമല്ല; മറിച്ച് ഓരോ വചനവും, ഹവ്വായും ആദാമും ആയിരുന്നതുപോലെ.

58 ബൈബിളിലെ അവസാന ഭാഗത്തിൽ, വെളിപ്പാട് 22:18, അവൻ പറഞ്ഞു, "ഇതിൽ നിന്ന് ആരെങ്കിലും ഒരു വാക്ക് എടുത്തുകളയുകയോ, അതിനോട് ഒരു വാക്ക് കൂട്ടിച്ചേർക്കുകയോ ചെയ്താൽ!"

59 അപ്പോൾ ദൈവത്തിന്റെ സ്വന്തം ആശയമാണിതെങ്കിൽ, എന്തിനാണ് നമ്മൾ ഒരാളുടെ ആശയങ്ങൾ ഇവിടെ കുത്തിവയ്ക്കുന്നത്? അവൻ പറഞ്ഞത് നമ്മൾ സ്വീകരിക്കാൻ

ആഗ്രഹിക്കുന്നു. അതിൽ ഇങ്ങനെയും എഴുതിയിരിക്കുന്നു, “എല്ലാവരുടെയും വാക്ക് കള്ളമാകട്ടെ, എന്റേത് സത്യവുമാകട്ടെ.”

60 ഈ പ്രവാചകന്റെ കാര്യവും അതായിരുന്നു. യിരെമ്യാവിന്റെ കാലത്ത്, അവൻ ഒരു പ്രവാചകനായിരുന്നു, അവന്റെ പക്കൽ കർത്താവിന്റെ വചനം ഉണ്ടായിരുന്നു. ഈ വ്യക്തി അതിലേക്ക് എന്തോ കുത്തിവയ്ക്കാൻ ശ്രമിക്കുകയായിരുന്നു. ഇപ്പോൾ, അതിനെ ആശ്രയിക്കാൻ കഴിയില്ല. നമ്മൾ സ്വീകരിക്കാൻ ശ്രമിച്ച ഈ സംവിധാനങ്ങളുമായി ഞാൻ ഇപ്പോൾ ഈ ടാങ്കുകളെ ഉപമിക്കുന്നു, ദൈവത്തിന്റെ യഥാർത്ഥ വചനത്തിന്റെ സ്ഥാനം ഏറ്റെടുക്കാനും.

61 കാരണം, അതിന്റെ സ്ഥാനത്തെ ഒന്നിനും ഏറ്റെടുക്കാൻ കഴിയില്ല. അത് ദൈവമാണ്. “ആദിയിൽ വചനമുണ്ടായിരുന്നു, വചനം ദൈവത്തോടു കൂടെ ആയിരുന്നു, വചനം ദൈവമായിരുന്നു. വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു.” എബ്രായർ 13:8, പറയുന്നു, “അവൻ ഇന്നലെയും, ഇന്നും, എന്നെന്നേക്കും അനന്യൻ ആകുന്നു.” നമുക്ക് അതിൽ നിന്ന് എങ്ങനെ ഒഴിഞ്ഞുമാറാൻ കഴിയും? അത് സത്യമായിരിക്കണം. അവൻ മാറ്റമില്ലാതെ തുടരുന്നു. എല്ലാ തത്വങ്ങളിലും അവൻ മാറ്റമില്ലാതെ തുടരുന്നു.

62 അതുകൊണ്ടാണ് നിങ്ങൾ ഇത് ആസ്വദിക്കുന്നത്, ബാപ്റ്റിസ്റ്റുകളും മെത്തഡിസ്റ്റുകളും, കത്തോലിക്കരും പ്രെസ്ബിറ്റീരിയക്കാരും, മറ്റും, ആ സാന്നിധ്യം ആസ്വദിക്കുന്നു. നിങ്ങളിൽ, എവിടെയോ, നിങ്ങൾ ദൈവത്തെ സ്വീകരിച്ചിട്ടുണ്ട്. ഒരുപക്ഷേ എപ്പോഴെങ്കിലും ബുദ്ധിപരമായി, ഒരുപക്ഷേ നിങ്ങൾ ദൈവത്തിന്റെ ശക്തി അനുഭവിച്ചിട്ടുണ്ടാകാം, അങ്ങനെ നിങ്ങൾ ദൈവത്തിന്റെ ഒരു ദാസനാണ്; എന്നാൽ നിങ്ങൾക്ക് യഥാർത്ഥത്തിൽ ദൈവത്തിലേക്ക് വരാൻ കഴിയുമ്പോഴും, ദൈവത്തിന്റെ ഒരു മകനോ മകളോ ആയി, അവനിൽ നിങ്ങളുടെ സ്ഥാനം തിരിച്ചറിയുമ്പോഴും, അതാണ് നിങ്ങൾക്ക് വലിയ ആവേശം നൽകുന്നത്, ദൈവം നിങ്ങൾക്ക് നൽകണമെന്ന് ഉദ്ദേശിച്ചത്.

63 ഇപ്പോൾ നമ്മൾ ശ്രദ്ധിക്കുന്നത് വിശുദ്ധ മർക്കോസിന്റെ, പതിനാറാം അധ്യായത്തിൽ, യേശു പറഞ്ഞിട്ടില്ല, “നിങ്ങൾ ലോകമെമ്പാടും പോവുക, എന്നിട്ട്—എന്നിട്ട്—എന്നിട്ട് പഠിപ്പിക്കുക.” അവൻ പറഞ്ഞു, “പോയി സുവിശേഷം പ്രസംഗിക്കുക.” സുവിശേഷം പ്രസംഗിക്കുക എന്നത്, പരിശുദ്ധാത്മാവിന്റെ ശക്തി പ്രകടിപ്പിക്കുക എന്നതാണ്! “നിങ്ങൾ ലോകമെങ്ങും പോയി, പരിശുദ്ധാത്മാവിന്റെ ശക്തി പ്രകടിപ്പിക്കുവിൻ.”

64 അവിടെ ബോംബെയിൽ, ഇന്ത്യയിൽ ഉള്ള എന്റെ യോഗത്തിന്റെ...സ്പോൺസർമാരിൽ ഒരാളായ, ഒരു സഹോദരനോട് ഞാൻ സംസാരിക്കുകയായിരുന്നു, താഴെ ദക്ഷിണാഫ്രിക്കയിലും വ്യത്യസ്ത സ്ഥലങ്ങളിലും, മിഷനറിമാർ അതിനെ ഒരു വചനമായിട്ടോ അല്ലെങ്കിൽ ഒരു ബുദ്ധിപരമായ സങ്കൽപ്പമായിട്ടോ ആണ് പഠിപ്പിച്ചിട്ടുണ്ടായിരുന്നത്. എന്നാൽ ഒരു ദിവസം യോഗത്തിൽ, പരിശുദ്ധാത്മാവ് ഇറങ്ങിവന്നപ്പോൾ, അവൻ തന്നെയും, മുപ്പതിനായിരം പുതപ്പ് അണിഞ്ഞ സ്വദേശികളെ ഒരു ബലിപീഠ വിളിയിൽ, അവർ നിന്ന് കൊണ്ടിരുന്ന അതേ നിലത്ത് തന്നെ രക്ഷിക്കപ്പെട്ടു. ലോകത്തിലേക്ക് വരുമ്പോൾ ഏതാണ്ട് നഗ്നരായിരുന്ന അതേ അവസ്ഥയിൽ തന്നെ, അവിടെ സ്ത്രീകൾ നിൽക്കുകയായിരുന്നു, ക്രിസ്തുവിനെ സ്വീകരിക്കാൻ അവർ കൈകൾ ഉയർത്തിയ നിമിഷം തന്നെയായിരുന്നു അത്...

65 പരിശുദ്ധാത്മാവ് ആ സ്ഥലത്തേക്ക് ഇറങ്ങി, ഒരേ സമയം ഇരുപത്തയ്യായിരം പേരെ സുഖപ്പെടുത്തി. അവർ വീൽചെയറുകളിലും, കട്ടിലുകളിലും സ്ട്രെച്ചറുകളിലും ആയിരുന്നു. അടുത്ത ദിവസം, നഗരത്തിലെ മേയർ, തെരുവിലൂടെ സ്ട്രെക്ച്ചറ്കളുടെയും മറ്റും ഭാരം വഹിച്ചുപോകുന്ന വാനുകളെ എനിക്ക് കാണിച്ചു തന്നു.

66 അവിടെ നഗ്നരായി, നിന്നിരുന്ന, സ്ത്രീകൾ അവർ നഗ്നരാണെന്ന് അറിഞ്ഞിരുന്നില്ല. എന്നാൽ പരിശുദ്ധാത്മാവ് അവരെ സ്പർശിച്ച ഉടനെ തന്നെ, അവർ തങ്ങളുടെ പുരുഷന്മാരുടെ സാന്നിധ്യത്തിൽ നിന്ന് അകന്നു പോകുന്നതിന് അവരുടെ കൈകൾ കൂപ്പി.

67 അമേരിക്കയിൽ നമ്മൾ എങ്ങനെയാണ് ദൈവസാന്നിധ്യത്തിൽ ഒരു ക്രിസ്ത്യൻ രാഷ്ട്രം, എന്ന് സ്വയം വിളിക്കുന്നതെന്ന് ഞാൻ അത്ഭുതപ്പെടുന്നു; എല്ലാ വർഷവും ഞങ്ങൾ, നമ്മുടെ സ്ത്രീകൾ, കൂടുതൽ കൂടുതൽ വസ്ത്രങ്ങൾ ഉപേക്ഷിക്കുന്നു. എന്നാൽ നിങ്ങൾ കൂടുതൽ വസ്ത്ങ്ങളാണ് ധരിക്കേണ്ടത്. കൂടാതെ നിങ്ങൾ ക്രിസ്തുവിനെ കൂടുതൽ ധരിക്കുന്തോറും, നിങ്ങളുടെ സ്വന്തം അവസ്ഥകളെക്കുറിച്ച് കൂടുതൽ ബോധവാന്മാരാകും. ചിലപ്പോഴൊക്കെ ആളുകൾ തെരുവിൽ പെരുമാറുന്നത് കാണുമ്പോൾ, അത് മാനസികമായി ശരിയാണോ എന്ന് ഞാൻ അത്ഭുതപ്പെടാറുണ്ട്. അവർ അത് ചെയ്യുമ്പോൾ അത് മനസ്സിലാക്കുന്നില്ലെന്ന് തോന്നുന്നു, അവർ ചെയ്യുന്നത്, പിശാചിന് വേണ്ടി സ്വയം ഒരു ഇരയാക്കുകയും, ആത്മാക്കളെ നരകത്തിലേക്ക് അയയ്ക്കുകയും ചെയ്യുക എന്നതാണ്. അത് ശരിയാണ്. പക്ഷേ, യിരെമ്യാവിന്റെ കാലത്തെപ്പോലെ ലോകം ദുഷിച്ചിരിക്കുന്നു.

68 ഇനി തിരികെ ജലസംഭരണിയിലേക്ക്. ഇപ്പോൾ, ഈ

ജലസംഭരണിയെ ആശ്രയിക്കാൻ കഴിയില്ല കാരണം അതിന് സ്വയം നിറയാൻ കഴിയില്ല. അത് നിറയാൻ പ്രാദേശിക മഴയെ ആശ്രയിക്കണം, പ്രാദേശിക മഴയെയോ അല്ലെങ്കിൽ പ്രാദേശിക പുനരുജ്ജീവനങ്ങളെയോ, അല്പം പുതുക്കൽ *ഇവിടെയും* അല്പം പുതുക്കൽ അപ്പുറത്ത് *അവിടെയും*, അല്ലെങ്കിൽ അങ്ങനെയുള്ളവയും, അത് നിറയ്ക്കാൻ വേണം. അതുകൊണ്ട് അതിനെ ആശ്രയിക്കാനാവില്ല. അതിന് സ്വയം നികത്താൻ കഴിയില്ല. അത് അപര്യാപ്തമാണ്, സ്വയം. അതിന് അത് ചെയ്യാൻ കഴിയില്ല. അത് മഴയെ ആശ്രയിക്കേണ്ടതായിട്ടുണ്ട്, അത് നിറക്കാൻ.

69 അപ്പോൾ നമുക്ക് ശ്രദ്ധിക്കാം എവിടെനിന്നാണ് അതിന്—അതിന് അതിന്റെ മഴ ലഭിക്കുന്നത്, എവിടെ നിന്നാണ് അതിന് അതിന്റെ ജലം ലഭിക്കുന്നത്, ആ ജലസംഭരണിക്ക്. അത് കളപ്പുരകളുടെയും, ഷെഡുകളുടെയും, മുകളിൽ നിന്നാണ് വരുന്നത് അവിടെ പൊടി പറത്തിവിടുന്ന എല്ലാ അഴുക്കും അവിടെ അടിഞ്ഞുകൂടുന്നു, അത് നേരെ മഴവെള്ളത്തിലേക്ക് ഒഴുകിപ്പോകുന്നു, മനുഷ്യ-നിർമ്മിതമായ ഒരു ടാങ്കായ ജലസംഭരണിയിലേക്ക്, നേരെ ഒഴുകുന്നു. അത് ഏതാണ്ട് ഒരു മാലിന്യക്കുഴി പോലെയായി മാറുന്നു. എല്ലാ മൃഗങ്ങളും ഇരിക്കുന്ന കളപ്പുരയുടെ മുകൾഭാഗം, കളപ്പുരയിലെ ഗന്ധം എന്നിവ അത് കഴുകി കളയുന്നു, അങ്ങനെ പലതും, ആയി അവസാനിക്കുന്നു. കാറ്റ് അകത്തു അടിക്കുന്നു—കളപ്പുരയിലെ വസ്തുക്കളുടെയും പൊടിയുടെയും മുകളിൽ, തുടർന്ന് പ്രാദേശിക മഴ പെയ്യുകയും കഴുകിക്കളയുകയും ചെയ്യുന്നു, ആ മഴ, നേരെ അത് ചെയ്യുന്നു.

70 പിന്നെ ആ വെള്ളം മനുഷ്യ-നിർമ്മിതമായ ഒരു തൊട്ടിയിലൂടെ മനുഷ്യ-നിർമ്മിതമായ ഒരു സ്പൗട്ടിലൂടെ, മനുഷ്യ-നിർമ്മിതമായ ഒരു ടാങ്കിലേക്ക് കൊണ്ടുപോകുന്നു. പിന്നെ അത് അവിടെ എത്തുമ്പോൾ, അത് വൃത്തികെട്ടതായിരിക്കും, നിങ്ങൾ അതിൽ ഒരു അരിപ്പ തുണി ഇടേണ്ടിവരും, അല്ലെങ്കിൽ നിങ്ങൾക്ക് അത് കുടിക്കാൻ കഴിയില്ല. ഇപ്പോൾ, നോക്കൂ, അത് മേൽക്കൂരയിൽ നിന്ന്, മനുഷ്യ-നിർമ്മിതമായ ഒരു തൊട്ടിയിലൂടെ, മനുഷ്യ-നിർമ്മിതമായ ഒരു നീർച്ചാലിലൂടെ, മനുഷ്യ-നിർമ്മിതമായ ഒരു ടാങ്കിലേക്ക് ഒഴുകുന്നു. എന്നിട്ട് അതിനു മുകളിൽ ഒരു മനുഷ്യ-നിർമ്മിത അരിപ്പ വെച്ച്, ചില കീടങ്ങളും വസ്തുക്കളും തിരികെ സൂക്ഷിക്കുന്നത് കാണുന്നതിന് വേണ്ടി ആകുന്നു.

71 ഇപ്പോൾ, ഇപ്പോൾ നമ്മൾ ശ്രദ്ധിക്കുന്നു, ഇവയിൽ, വെള്ളം ഇറങ്ങി കുറച്ച് ദിവസങ്ങൾക്ക് ശേഷം, ഈ മനുഷ്യ-നിർമ്മിത വിഭാഗത്തിൽ-..., അല്ലെങ്കിൽ, ടാങ്കിൽ. എന്നോട് ക്ഷമിക്കണം.

എന്നോട് ക്ഷമിക്കണം. എല്ലാം ശരിയാണ്. അതിനു ശേഷം—അത് കഴുകി കളഞ്ഞതിനുശേഷം, എല്ലാത്തരം ദൈവശാസ്ത്രങ്ങളും അങ്ങനെയുള്ളവയും അതിലേക്ക് കഴുകി ഒഴിക്കപ്പെടുന്നു; ഇപ്പോൾ നമുക്ക് കണ്ടെത്താൻ കഴിയുന്നത്, അവിടെ കുറച്ച് ദിവസം അത് അവിടെ സജ്ജമാകുമ്പോൾ, അത് നിശ്ചലമാകും എന്നാണ്.

72 സഭാ ചരിത്രത്തിൽ, ആർക്കും അറിയാം, ദൈവം എന്തെങ്കിലും അയയ്ക്കുമ്പോൾ, ഒരു സന്ദേശമാകാം, അത് ദൈവത്തിൽ നിന്ന് പുതുതായി വരുന്നതാണ്, പിന്നീട് ആ—ആ സ്ഥാപകന്റെ ജീവിത്തിന് ശേഷം (അല്ലെങ്കിൽ എന്തുതന്നെയായാലും, നിങ്ങൾ അദ്ദേഹത്തെ പരിഷ്കർത്താവ് എന്ന് വിളിക്കുന്നു, അല്ലെങ്കിൽ അതിനെക്കുറിച്ച് നിങ്ങൾ എന്ത് പറയാൻ ആഗ്രഹിക്കുന്നുവോ), അദ്ദേഹത്തിന്റെ മരണശേഷം, അവർ ഒരു സംവിധാനം ഒരുക്കുകയും ഒരു സംഘടന ഉണ്ടാക്കുകയും ചെയ്യുന്നു. അവർ അതിൽ നിന്ന് ഒരു സംഘടന ഉണ്ടാക്കിയാലുടൻ, അത് അവിടെ തന്നെ മരിക്കുന്നു. അത് ഒരിക്കലും വീണ്ടും ഉയർന്നുവരില്ല. അത് എല്ലാ സമയത്തും അത് അങ്ങനെ തന്നെ ആയിരുന്നു, പിന്നിലേക്ക്, യുഗങ്ങളിലൂടനീളം.

73 ഇവിടെ ഇരിക്കുന്ന ഈ കത്തോലിക്കാ പുരോഹിതനെ അഭിവാദ്യം ചെയ്തുകൊണ്ട്; ദൈവം സഭയെ സംഘടിപ്പിച്ചപ്പോൾ...അല്ലെങ്കിൽ, അത് സംഘടിപ്പിക്കുകയല്ല, ദൈവം ഒരിക്കലും ഒരു സഭയെ സംഘടിപ്പിച്ചിട്ടില്ല. അവൻ അത്തരത്തിലുള്ള ഒരു ദൗത്യത്തിലല്ല. അവൻ ജന്മനാ, സംഘടനയിലല്ല. അപ്പോൾ, ദൈവം പെന്തക്കോസ്ത് നാളിൽ സഭ ആരംഭിച്ചപ്പോൾ. പിന്നീട് ഒടുവിൽ റോമിലെ, നിക്കിയയിൽ വെച്ച്, അവർ അത് സംഘടിപ്പിച്ചു, അവിടെ വെച്ചാണ് അതിന് അതിന്റെ ശക്തി നഷ്ടപ്പെട്ടത്.

74 പിന്നെ നമ്മൾ ലൂഥറൻ നവീകരണത്തിലേക്ക് വരുന്നു, അതൊരു മഹത്തായ കാര്യമായിരുന്നു. ദൈവവചനം നൽകപ്പെട്ടു, "നീതിമാൻ വിശ്വാസത്താൽ ജീവിക്കും." അവർ അങ്ങനെ ചെയ്തപ്പോൾ, എല്ലാവരെയും ഒരുമിച്ച്, ഉയർത്തി എടുക്കുന്നതിന് പകരം, എല്ലാവരെയും ഒരുമിച്ച് മുന്നോട്ട് നയിക്കുന്നതിന് പകരവും, അവർ ഈ ഗ്രൂപ്പിൽ നിന്ന് വേർപെട്ട്, ഒരു ലൂഥറൻ സഭ സ്ഥാപിച്ചു, പിന്നീട് അത് മരിച്ചു.

75 പിന്നെ ദൈവം ജോൺ വെസ്ലിയെ, വിശുദ്ധീകരണത്തോടെ ഉയിർപ്പിച്ചു, കൃപയുടെ രണ്ടാമത്തെ പ്രവൃത്തിയുടെ സന്ദേശം, അതൊരു അത്ഭുതകരമായ കാര്യമായിരുന്നു. പക്ഷേ വെസ്ലിയും ആസ്ബറിയും, അത് സംഘടിപ്പിച്ചതിനുശേഷം, അത് ഇല്ലാതായി.

76 പിന്നെ വരങ്ങൾ പുനഃസ്ഥാപിക്കുന്നതിനായുള്ള പെന്തക്കോസ്തുകാരുടെ വരവായി. അവർ നല്ലത് ചെയ്തിരുന്നു, എന്തു സംഭവിച്ചു? അതിനെ സംഘടനയാക്കി പിന്നെ അത് നശിച്ചു. കൃത്യമായി.

77 ഇപ്പോൾ ഇതിനെല്ലാം നടുവിലും, ആ തലമുറകളിൽ ഓരോന്നിൽ നിന്നും ഒരു ശേഷിപ്പിനെ ദൈവം ഇപ്പോഴും വിളിക്കുന്നു. തീർച്ചയായും അവൻ അങ്ങനെ ആകുന്നു. നമ്മൾ പുറത്തുവരേണ്ട സമയമാണിത്, ഒരുമിച്ച് കൂടാൻ വേണ്ടി. അതാണ് എനിക്ക് തോന്നുന്നത്, ഈ മതിലുകൾ തകർക്കുന്നതിൽ ഫുൾ ഗോസ്പൽ ബിസിനസ് മെൻ വലിയ പങ്കു വഹിച്ചിട്ടുണ്ട്, പറഞ്ഞുകൊണ്ട്, "ഞങ്ങൾക്കിടയിൽ ഒരു വ്യത്യാസവുമില്ല. നമുക്ക് ഒത്തുചേർന്ന് ഒരു സംഘടനയുടെ കീഴിലല്ല, ഒരേ തത്വത്തിൻ കീഴിൽ ദൈവത്തെ ആരാധിക്കാം." അതൊരു സംഘടനയായിരുന്നെങ്കിൽ, ഞാൻ ഇപ്പോൾ തന്നെ ഈ പ്ലാറ്റ്ഫോമിൽ നിന്ന് പുറത്തുകടക്കുമായിരുന്നു. എനിക്ക് അതുമായി ഒന്നും ചെയ്യാനില്ല.

78 അത് എന്തെന്നാൽ, അത് ഒരു കൂട്ടായ്മയായിരിക്കണം, ഏതെങ്കിലും വിശ്വാസപ്രമാണത്തിന്റെ കൂട്ടായ്മയല്ല, മറിച്ച് ക്രിസ്തുവിലുള്ള കൂട്ടായ്മയാണ്, അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയാൽ. അതാണ് ജീവൻ കൊണ്ടുവരുന്നത്, അത് ജനനം കൊണ്ടുവരുന്നു.

79 ജനനം വരുന്നതിനുമുമ്പ്, ജനനത്തിനുമുമ്പ് മരണം ഉണ്ടായിരിക്കണമെന്ന് നാം മനസ്സിലാക്കുന്നു. ഒരു ജനനം ഒരു കുഴപ്പമാണ്, അത് എങ്ങനെയുള്ള ജനനമാണെന്ന് എനിക്ക് പ്രശ്നമല്ല. അത് ഒരു പന്നിക്കൂടിലാണെങ്കിൽ, അല്ലെങ്കിൽ—അല്ലെങ്കിൽ എവിടെയായിരുന്നാലും അത് ഒരു കുഴപ്പമാണ്. അതുപോലെ തന്നെയാണ് പുതിയ ജനനവും, സാധാരണയായി നിങ്ങൾ ചെയ്യുമെന്ന് കരുതാത്ത കാര്യങ്ങൾ ചെയ്യാൻ അത് നിങ്ങളെ പ്രേരിപ്പിക്കുന്നു. എന്നാൽ നിങ്ങൾ സ്വയം മരിക്കാൻ തയ്യാറാകുമ്പോൾ, നിങ്ങൾ വീണ്ടും ജനിക്കുന്നു, ക്രിസ്തുയേശുവിൽ ഒരു പുതിയ സൃഷ്ടിയായി, പിന്നെ കാര്യങ്ങൾ തുറക്കപ്പെടും, ജീവിതം നിങ്ങൾക്ക് ഒരു പുതിയ കാഴ്ചയായി മാറും, കാരണം നിങ്ങൾ ഏതെങ്കിലും സിദ്ധാന്തമോ വിശ്വാസപ്രമാണമോ അല്ല, യേശുക്രിസ്തു എന്ന വ്യക്തിയെയാണ് നിങ്ങൾ സ്വീകരിച്ചിട്ടുള്ളത്.

80 അല്ലെങ്കിൽ, എഴുതപ്പെട്ട വചനം പോലും, പരിശുദ്ധാത്മാവിനാൽ ഉയിർപ്പിക്കപ്പെടേണ്ടതുണ്ട്. നിങ്ങൾക്ക് എത്ര തന്നെ ദൈവശാസ്ത്രം ഉണ്ടെങ്കിലും, അത് അവിടെ മരിച്ചു കിടക്കുകയാണ്. എനിക്ക്

ഒരുപിടി ഗോതമ്പ് ലഭിക്കാമായിരുന്നു; ജീവൻ ഉണ്ടാക്കുന്ന പ്രക്രിയയിലേക്ക് അത് എത്തുന്നതുവരെ, ഗോതമ്പ് ഒരിക്കലും ജീവിക്കില്ല. നിങ്ങൾക്ക് ആഗ്രഹിക്കുന്നതെന്തും ഡോക്ടറേറ്റ് ബിരുദം, പിഎച്ച്., എൽഎൽ., എന്നിവ നേടാം; എന്നാൽ പരിശുദ്ധാത്മാവ് അതിൽ വന്ന് ദൈവവുമായുള്ള ഒരു വ്യക്തിപരമായ അനുഭവമായി അത് നിങ്ങളിലേക്ക് ത്വരിതപ്പെടുത്തുന്നതുവരെ, പിന്നെ ഗോതമ്പ് കൊണ്ട് ഒരു ഗുണവുമില്ല. നിങ്ങളുടെ പഠനം നിഷ്ഫലമാണ്.

81 കഴിഞ്ഞ രാത്രിയിൽ ഈ ഇംഗ്ലീഷുകാരൻ പറഞ്ഞതുപോലെ, ഞാൻ അത് കേട്ട് അതിശയിച്ചുപോയി. ക്രിസ്തുവിനെ കണ്ടെത്തുന്നതിന്, പൗലോസിനെപ്പോലെ, തനിക്കുണ്ടായിരുന്ന എല്ലാ പഠനങ്ങളും അവൻ അറിഞ്ഞതുമെല്ലാം, അയാൾക്ക് മറക്കേണ്ടിവന്നു, അവൻ ചെയ്യാൻ വിചാരിച്ച കാര്യങ്ങൾ ചെയ്യുമായിരുന്നില്ല.

82 പക്ഷേ ദൈവം അങ്ങനെയാണ് ചെയ്യുന്നത്, നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ അവൻ നമ്മെ അപമാനിക്കുന്നു. അജ്ഞതയെ പിന്തുണയ്ക്കാൻ ശ്രമിക്കുകയല്ല ഞാൻ ചെയ്യുന്നത്, മറിച്ച് വ്യത്യാസം എന്താണെന്ന് നിങ്ങളോട് പറയാൻ ശ്രമിക്കുകയാണ് ഞാൻ ചെയ്യുന്നത്. വിദ്യാഭ്യാസത്തിന് ഒരിക്കലും ജീവൻ നൽകാൻ കഴിയില്ല. ജീവൻ കൊണ്ടുവരാൻ ദൈവത്തിന്റെ ആത്മാവ് ആവശ്യമാണ്, ആ ജീവൻ വെറും ബുദ്ധിപരമായ ഉണർവിൽ നിന്ന് മാത്രം ഉണ്ടാകരുത്. അത് ബൈബിളിൽ നിന്ന് വരേണ്ടതായിട്ടുണ്ട്, വചനത്താലുള്ള ഉണർവ്, ആ വചനം ഇന്നലെയും ഇന്നും എന്നേക്കും ഒന്ന് തന്നെ. ഇന്ന് അത് ഉണ്ടാവുകയും, പുനർജ്ജീവിപ്പിക്കുകയും ചെയ്യുമ്പോൾ, പ്രവൃത്തികൾ 2-ൽ നിങ്ങൾക്ക് ലഭിച്ച അതേ ഫലങ്ങൾ ലഭിക്കും. കൃത്യമായും. അത് എപ്പോഴും ഉണ്ടായിട്ടുണ്ട്, എപ്പോഴും അങ്ങനെ തന്നെയായിരിക്കും, കാരണം ദൈവത്തിന്റെ ആത്മാവാണ് അന്തരീക്ഷത്തെ രൂപപ്പെടുത്തുന്നത്.

83 കാര്യങ്ങൾ ചെയ്യാൻ അന്തരീക്ഷം ആവശ്യമാണ്. അതുകൊണ്ടാണ് മനുഷ്യരായ നിങ്ങളെ എപ്പോഴും പഠിപ്പിക്കുന്നത്, “നിങ്ങളുടെ കുട്ടികളെ ഇവിടെ കൊണ്ടുവരിക.” ശരി, തീർച്ചയായും അത് ശരിയാണ്. എന്റെ മകൾ, റെബേക്ക, ഏതാനും മിനിറ്റ് മുമ്പ് അകത്തേക്ക് വന്ന് ഇരിക്കുന്നത്, കണ്ടപ്പോൾ എനിക്ക് സന്തോഷമായി. നിങ്ങളിൽ ചിലർ ഞാൻ ഒരു സ്ത്രീയെ നോക്കി കണ്ണിറുക്കുന്നത് കണ്ടിട്ടുണ്ട്, അത് എന്റെ മകളാണ്, അങ്ങനെ അവൾ അകത്തേക്ക് വന്ന് ഇരുന്നു. അവൾ ആത്മാവിന്റെ സ്നാനം സ്വീകരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു, അതുകൊണ്ടാണ് അവൾ ഇവിടെ മീറ്റിംഗിൽ ഉള്ളത്. അതാണ് ഇതിന്റെ ഉദ്ദേശ്യം.

അതിന് അന്തരീക്ഷം ആവശ്യമാണ്.

84 പഴയ ഡോക്ടർ ബോസ്‌വർത്ത് പറയാറുണ്ടായിരുന്നതുപോലെ, “നിങ്ങൾക്ക് ഒരു കോഴിമുട്ട എടുത്ത് ഒരു നായ്ക്കുട്ടിയുടെ കീഴിൽ വയ്ക്കാം, അത് ഒരു കോഴിയെ വിരിയിക്കും.” എന്തുകൊണ്ട്? കാരണം അതൊരു മുട്ടയാണ് അതിന് അനുയോജ്യമായ അന്തരീക്ഷവും ലഭിച്ചു.

85 നിങ്ങൾ ഒരു മെത്തഡിസ്റ്റ്, ബാപ്റ്റിസ്റ്റ്, പ്രെസ്ബിറ്റീരിയൻ എന്നിവരാണെങ്കിൽ എനിക്ക് അത് പ്രശ്നമല്ല; ശരിയായ അന്തരീക്ഷത്തിൽ, അത് ദൈവത്തിന്റെ ഒരു നവജാത ശിശുവിനെ വിരിയിക്കും. നിങ്ങൾക്ക് എന്ത് വിഭാഗീയ ടാഗ് ഉണ്ടെങ്കിലും, അത് ചെയ്യുന്നത് അന്തരീക്ഷമാണ്.

86 ഞാൻ കന്നുകാലികളെ പതിവായി മേയ്ക്കുമായിരുന്നു. കാട്ടിലേക്ക് ഞങ്ങൾ അവയെ കൊണ്ടുപോകുമ്പോൾ ഞാൻ റേഞ്ചറെ ശ്രദ്ധിക്കുമായിരുന്നു, പുറത്ത് നിന്ന്—തീറ്റസ്ഥലങ്ങൾക്ക് പുറത്തു നിന്ന് താഴെ മേച്ചിൽ സ്ഥലങ്ങളിൽ, പിന്നീട് അവയെ കാട്ടിൽ വിടുന്നു. ഡ്രിഫ്റ്റ് വേലിയിൽ, ഗേറ്റ് കടന്ന് അവർ പോകുന്നത് അയാൾ അവിടെ നോക്കി നിൽക്കുമായിരുന്നു. എല്ലാത്തരത്തിലുള്ളവയും അവിടെ ഉണ്ടായിരുന്നതിനാൽ, അദ്ദേഹം ഒരിക്കലും ഏതു തരത്തിൽ പെട്ടവ ആണ് അവയെന്ന് അത്ര ശ്രദ്ധ ചെലുത്തിയിരുന്നില്ല. പക്ഷേ അദ്ദേഹം ശ്രദ്ധിച്ച ഒരു കാര്യമുണ്ട്, ബ്ലഡ് ടാഗ്. അത് ഒരു ഹെയർ ഫോർഡിന്റെ നല്ലയിനം കന്നുകാലികൾ ആയിരിക്കണം അല്ലെങ്കിൽ ആ കാട്ടിലൂടെ അതിന് പോകാൻ കഴിയില്ല, കാരണം ആ കാട് ഹെയർഫോർഡ് അസോസിയേഷനാണ് മേയ്ക്കുന്നത്. പ്രജനനം ശരിയായി നിലനിർത്താൻ, അതിന് ഒരു ബ്ലഡ് ടാഗ് ഉണ്ടായിരിക്കണം.

87 ന്യായവിധിയുടെ ദിവസത്തിൽ അങ്ങനെയായിരിക്കുമെന്ന് ഞാൻ കരുതുന്നു. ഞാൻ മെത്തഡിസ്റ്റ് ആണോ, ബാപ്റ്റിസ്റ്റാണോ, പെന്തക്കോസ്ത് ആണോ, പ്രെസ്ബിറ്റീരിയൻ ആണോ എന്ന് അവൻ എന്നോട് ചോദിക്കാൻ പോകുന്നില്ല, പക്ഷേ അവൻ ബ്ലഡ് ടാഗ് ഉണ്ടോ എന്ന് നോക്കും. “രക്തം കാണുമ്പോൾ ഞാൻ നിങ്ങളെ കടന്നുപോകും.” അതാണ് കാര്യം.

88 ആയതിനാൽ നാം കണ്ടെത്തുന്നത് എന്തെന്നാൽ ഈ ജലസംഭരണികൾ, കുറച്ചുനാൾ അവിടെ ആയിരുന്നതിനു ശേഷം, അവ...അവ നിശ്ചലമായിത്തീരുന്നു അത് നല്ലതുമല്ല. പിന്നെ അത്, തവളകളുടെയും, പല്ലികളുടെയും പാമ്പുകളുടെയും കീടങ്ങളുടെയും രോഗാണുക്കളുടെയും ആവാസ കേന്ദ്രമായി മാറുന്നു, അങ്ങനെ-എന്തെല്ലാം, കാരണം അതിലേക്ക് തള്ളിവിടപ്പെടുന്ന

ഒരു സ്തംഭനാവസ്ഥയാണിത്. ഒരു കളപ്പുരയുടെ മേൽക്കൂരയിൽ നിന്നോ, കളപ്പുരയ്ക്ക് സമീപമുള്ള ഒരു വീടിന്റെ മേൽക്കൂരയിൽ നിന്നോ, അല്ലെങ്കിൽ എവിടെനിന്നെങ്കിലും കഴുകിവരുന്ന, അവശിഷ്ടത്തെ കുറിച്ച് നിങ്ങൾക്ക് സങ്കൽപ്പിക്കാൻ കഴിയുമോ, ഈ ജലസംഭരിണിയിലേക്ക് ഒഴുകിയെത്തുന്നത് ഏതുതരം പ്രാണികളും രോഗാണുക്കളും എല്ലാം ആകുന്നു?

89 ഇപ്പോൾ, ഇത് ഏതൊരു മനുഷ്യ-നിർമിത വ്യവസ്ഥയുടെയും ഉത്തമ ഉദാഹരണമാണ്. തുടക്കത്തിലേ, അയാൾ ഒരു പരാജയമാണ്. അതുകൊണ്ടാണ് അവന് ഒരു രക്ഷകനെ ആവശ്യമായി വരുന്നത്. അവന് സ്വയം രക്ഷിക്കാൻ കഴിയില്ല, അതിനുവേണ്ടി അവന് ഒന്നും ചെയ്യാൻ കഴിയില്ല. അവൻ നഷ്ടപ്പെട്ടവനാണ്, ഒന്നാമതായി. അവൻ ലോകത്തിൽ ജനിച്ചു, പാപിയായി, അവൻ ലോകത്തിലേക്ക് വരുന്നത് കള്ളം പറഞ്ഞുകൊണ്ടാണ്. ആദ്യം തന്നെ, അയാൾ ഒരു നുണയനാണ്, പിന്നെ എങ്ങനെയാണ് അയാൾക്ക് സ്വന്തം കാര്യം ചെയ്യാൻ കഴിയുക? ഒരു വിശുദ്ധന് എങ്ങനെ കഴിയും?

90 ഒരു വിശുദ്ധ മനുഷ്യനുമില്ല. ഒരു വിശുദ്ധ സഭയുമില്ല. അതൊരു പരിശുദ്ധാത്മാവാണ്! ഒരു വിശുദ്ധ സഭയല്ല, ഒരു വിശുദ്ധ ജനവുമല്ല; അത് ഒരു ജനതയുടെ ഇടയിലുള്ള ഒരു പരിശുദ്ധാത്മാവാണ്, അതാണ് അത്. ആമേൻ. പത്രോസും മറ്റുള്ളവരും നിന്നിരുന്ന പർവ്വതം വിശുദ്ധം അല്ലായിരുന്നു; ആ പർവ്വതം വിശുദ്ധമായിരുന്നില്ല. എന്നാൽ പർവ്വതത്തിലെ, പരിശുദ്ധനായ ദൈവമാണ്, അതിനെ വിശുദ്ധമാക്കിയത്. ഒരു വിശുദ്ധ വ്യക്തിയല്ല; ആ വ്യക്തിയിൽ പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവാണ്, അവനെ വിശുദ്ധനാക്കുന്നത്. വ്യക്തിയല്ല; എന്നാൽ പരിശുദ്ധാത്മാവെന്ന വ്യക്തി തന്നെ! അത് മനുഷ്യനല്ല; കാരണം, അവൻ വെറുമൊരു മനുഷ്യനാണ്, "പാപത്തിൽ ജനിച്ചു, അകൃത്യത്തിൽ രൂപപ്പെട്ടു, വ്യാജം പറഞ്ഞുകൊണ്ട് ലോകത്തിലേക്ക് വന്നു."

91 ഏതൊരു മനുഷ്യ-നിർമ്മിത സംവിധാനവും അവനെ അതിൽ തന്നെ നിലനിർത്തും. ബുദ്ധിജീവികളിൽ നിന്നും, ബുദ്ധിജീവികളുടെ കണ്ണുകളിൽ നിന്നും അവൻ കാര്യം മറയ്ക്കും, അതുകൊണ്ട് അവർ ചിന്തിക്കുന്നത്, "ഞാൻ ഒരു പള്ളിക്കാരനാണ്, എന്റെ പേര് പുസ്തകത്തിലുണ്ട്. ഞാൻ *ഇത്* ചെയ്തിട്ടുണ്ട്. എന്റെ അച്ഛൻ *ഇതായിരുന്നു*, അങ്ങനെ പലതും." അത് കേട്ടാൽ ശരിയാണ്; അതുകൊണ്ട്, തന്നെ, അതിനെതിരെ ഒന്നും പറയാനില്ല. പക്ഷേ എന്നിട്ടും, സുഹൃത്തേ, യേശു പറഞ്ഞു, "ഒരു മനുഷ്യൻ വീണ്ടും

ജനിക്കുന്നില്ലെങ്കിൽ, അവന് കാണാൻ പോലും കഴിയില്ല," *നോക്കൂ*, അവിടെ, അവൻ തന്റെ കണ്ണുകൾ കൊണ്ട് കാണുന്നു എന്നല്ല അർത്ഥമാക്കുന്നത്, എന്നാൽ, "സ്വർഗ്ഗരാജ്യത്തെ *മനസ്സിലാകില്ല*." നീ വീണ്ടും ജനിക്കുന്നത് വരെ!

92 ഈ ബാപ്റ്റിസ്റ്റ് സുവിശേഷകൻ എങ്ങനെയിരിക്കും, അവിടെ നിന്നുകൊണ്ട് അതിനെ വിമർശിക്കുകയും കളിയാക്കുകയും ചെയ്ത ആ മനുഷ്യൻ എങ്ങനെയിരിക്കും? നോക്കൂ, അത് സ്വീകരിക്കാൻ പോലും അവനിൽ ഒന്നുമില്ല; പക്ഷേ ദൈവത്തിന് അത് ചെയ്യേണ്ടിവന്നു, നോക്കൂ. ദൈവം അവന് പരിശുദ്ധാത്മാവിനെ നൽകി. ഇത് കപടനാട്യമല്ല, വചനമാണെന്ന് അവൻ പ്രകടമാക്കി. ഒരു സ്കൂൾ ആശയത്തിൽ നിന്നാണ് അവൻ അത് കേൾക്കുന്നത്, അവർ എല്ലാം—ദൈവത്തിന്റെ അനുഗ്രഹങ്ങൾ എല്ലാം സ്വീകരിക്കുവാൻ ശ്രമിക്കുന്നു കഴിഞ്ഞുപോയ ഒരു ദിവസത്തിൽ അത് സ്ഥാപിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു.

93 ഒരു യുവ ബാപ്റ്റിസ്റ്റ് പ്രസംഗകൻ, അധികം നേരം മുമ്പല്ലാതെ, ഇവിടെ നേരെ ഇന്ന് രാവിലെ സന്നിഹിതനായി ഇരിപ്പുണ്ടായിരുന്നു; അവൻ എന്റെ അടുക്കൽ വന്നു, എന്നിട്ട് അവൻ പറഞ്ഞു, "ബ്രദർ ബ്രൺഹാം, നിങ്ങൾ ചെയ്യുന്ന ഒരു കാര്യം തെറ്റാണ്."

ഞാൻ പറഞ്ഞു, "എന്നെ സഹായിക്കൂ."

94 അവൻ പറഞ്ഞു, "നിങ്ങൾ, ആത്മാർത്ഥതയുള്ളവനും നല്ല ഒരു വ്യക്തിയുമാണെന്ന് ഞാൻ കരുതുന്നു, പക്ഷേ..."

ഞാൻ പറഞ്ഞു, "നിങ്ങൾക്ക് നന്ദി, സർ."

അവൻ പറഞ്ഞു, "പക്ഷേ നിങ്ങൾ ചെയ്യുന്ന ഒരു തെറ്റുണ്ട്."

ഞാൻ പറഞ്ഞു, "കർത്താവ് ഒരു കാര്യം തെറ്റാണെന്നു കണ്ടുപിടിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു."

95 അവൻ പറഞ്ഞു, "ശരി, ഉണ്ട്...ഇതാണ് നിങ്ങൾ ചെയ്യുന്നത് അത് തെറ്റാണ്." പറഞ്ഞു, "നിങ്ങൾ ലോകത്തിന് ഒരു അപ്പോസ്തലിക ശുശ്രൂഷ പരിചയപ്പെടുത്താൻ ശ്രമിക്കുകയാണ്, കൂടാതെ," പറഞ്ഞു, "അപ്പോസ്തലന്മാരുടെ ശുശ്രൂഷ അപ്പോസ്തലന്മാരോടുകൂടി അവസാനിച്ചു."

96 ഞാൻ പറഞ്ഞു, "ഒരു ബാപ്റ്റിസ്റ്റിനോട് ഒരു ബാപ്റ്റിസ്റ്റ് എന്ന നിലയിൽ, ഞാൻ നിങ്ങളോട് ഒരു ചോദ്യം ചോദിക്കാൻ ആഗ്രഹിക്കുന്നു."

പറഞ്ഞു, "എന്ത്?"

97 ഞാൻ പറഞ്ഞു, "ദൈവവചനം പ്രചോദിതമാണെന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ, അതിന്റെ ഓരോ ചെറിയ ഭാഗവും?"

അവൻ പറഞ്ഞു, "എന്തുകൊണ്ട്, തീർച്ചയായും."

98 ഞാൻ പറഞ്ഞു, "പിന്നെ, അവൻ പറഞ്ഞു, 'ഒരു വാക്ക് കൂട്ടി ചേർക്കുകയോ, അല്ലെങ്കിൽ ഒന്ന് എടുക്കുകയോ ചെയ്യാൻ പാടില്ല.' കാരണം," ഞാൻ അപ്പോൾ പറഞ്ഞു, "ദൈവത്തിന്റെ വാഗ്ദാനത്താൽ അപ്പോസ്തലിക അനുഗ്രഹം ജനങ്ങൾക്ക്, എവിടെയാണ് വരുന്നതെന്ന് ഞാൻ നിങ്ങൾക്ക് കാണിച്ചുതരാം, ഇപ്പോൾ നീ എനിക്ക് ദൈവത്തിന്റെ വാഗ്ദാനവും അത് എപ്പോഴാണ് ജനങ്ങളിൽ നിന്ന് പോയതെന്നും കാണിച്ചുതരൂ. നോക്കൂ, നിങ്ങൾക്ക് അത് വചനത്തിൽ സൃഷ്ടിക്കാൻ കഴിയുന്നില്ലെങ്കിൽ, പിന്നെ—പിന്നെ അതിനെ കുറിച്ച് മറന്നേക്കൂ, നോക്കൂ," ഞാൻ പറഞ്ഞു, "കാരണം അത് ഇപ്പോഴും തുടരുന്നുണ്ട്."

99 അവൻ കുറച്ച് നിമിഷങ്ങൾ ഒന്നും പറഞ്ഞില്ല. അപ്പോൾ ഞാൻ പറഞ്ഞു, "ശരി, അപ്പോൾ, സഹോദരാ, ഞാൻ നിങ്ങളോട് ഇത് ചോദിക്കാൻ ആഗ്രഹിക്കുന്നു. പെന്തക്കോസ്ത് ദിനത്തിൽ, പത്രോസ് അപ്പസ്തോലിക സന്ദേശം അവതരിപ്പിച്ചു. അത് സത്യമാണെന്ന് നമുക്കെല്ലാവർക്കും അറിയാം, കാരണം യേശു അവനു നൽകിയ രാജ്യത്തിന്റെ താക്കോലുകൾ, അവന്റെ പക്കലുണ്ടായിരുന്നു. ഇനി അവൻ പറഞ്ഞത് നിരീക്ഷിക്കൂ. അവൻ പറഞ്ഞു, 'നിങ്ങൾ ഓരോരുത്തരും, 'മാനസാന്തരപ്പെടുകയും, പാപമോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏൽക്കുകയും ചെയ്യുക, എന്നാൽ പരിശുദ്ധാത്മാവു എന്ന ദാനം നിങ്ങൾക്ക് ലഭിക്കും. വാഗ്ദത്തം നിങ്ങൾക്കും, നിങ്ങളുടെ മക്കൾക്കും, നമ്മുടെ ദൈവമായ കർത്താവു വിളിച്ചുവരുത്തുന്ന, ദൂരസ്ഥന്മാരായ ഏവർക്കും ഉള്ളതല്ലോ.' പിന്നെ അവൻ അത് പുറത്തേക്കെടുത്ത ഒരു സ്ഥലമുണ്ടെങ്കിൽ, പെന്തക്കോസ്ത് ദിനത്തിൽ പത്രോസിന്റെ വാക്കുകൾക്ക് എന്താണ് സംഭവിച്ചത്?" കണ്ടോ? ഇല്ല, അത് ഒരിക്കലും അവസാനിച്ചിട്ടില്ല!

പ്രിയപ്പെട്ട മരിക്കുന്ന കുഞ്ഞാടേ, അങ്ങയുടെ
വിലയേറിയ രക്തം
ഒരിക്കലും അതിന്റെ ശക്തി നഷ്ടപ്പെടില്ല,
ദൈവത്തിന്റെ മുഴുവൻ സഭയും വീണ്ടെടുക്കപ്പെടുവോളം
ഇനി പാപം ചെയ്യാതിരിപ്പാൻ, രക്ഷിക്കപ്പെടുവിൻ.

പിന്നെ കൂടുതൽ മാന്യവും മധുരവുമായ ഒരു ഗാനത്തിൽ,
രക്ഷിക്കാനുള്ള അങ്ങയുടെ ശക്തിയെ ഞാൻ പാടും,
ഈ പാവം വിക്കി, ഇടറി പറയുന്ന നാക്ക്

ശവക്കുഴിയിൽ നിശബ്ദമായി കിടക്കുമ്പോൾ.

100 ദൈവം എന്നെയും നമ്മളെയും അതിൽ വിശ്വസിക്കാനും അതിൽ ഉറച്ചുനിൽക്കാനും അതിനോടൊപ്പം നിൽക്കാനും സഹായിക്കട്ടെ, കാരണം അത് സുവിശേഷ സത്യമാണ്! അതെ, സർ.

101 ഒരു ജ്ഞാനി ഒരിക്കലും ഇവയെ നോക്കരുത്. അവ പ്രവർത്തിക്കില്ലെന്ന് അറിയുക. അവ ഒരിക്കലും പ്രവർത്തിച്ചിട്ടില്ല. ഒരു സംഘടിത മതവും സംഘടിത അനുഭവവും ദൈവസാന്നിധ്യത്തിൽ ഒരിക്കലും പ്രവർത്തിക്കില്ല. അത് ദൈവത്തിൽ നിന്ന് വരേണ്ടതാണ്, കളങ്കമില്ലാതെ. ദൈവം ഒരിക്കലും ഇത് ഉപയോഗിച്ചിട്ടില്ല, മുമ്പ് ഒരിക്കലും ദൈവം അത്തരമൊരു സംവിധാനം ഉപയോഗിച്ചിട്ടില്ല. ഇപ്പോൾ നിങ്ങൾക്ക്, ഓ, നിങ്ങൾക്ക് അംഗങ്ങളും അതുപോലുള്ള കാര്യങ്ങളും ലഭിക്കുന്നു. എന്നാൽ ഞാൻ ഉദ്ദേശിക്കുന്നത് ദൈവത്തിന്റെ യഥാർത്ഥ വിത്തിനെയാണ്, പെന്തക്കോസ്ത് ദിനത്തിൽ ലഭിച്ചതുപോലെയുള്ള അനുഗ്രഹം, അത് ഒരിക്കലും സംഘടനയാൽ വരുന്നതല്ല; അത് ഒരു ജനനത്തിലൂടെയാണ് വരുന്നത്, വീണ്ടും ജനനത്തിലൂടെ.

102 നമ്മളെ ക്ഷണിക്കുന്ന ഇസ്രയേലിനെ എടുക്കാൻ അതിനായി—ഉദാഹരണത്തിനായി, അവർ അങ്ങനെയായിരുന്നു. ശ്രദ്ധിക്കുക, "അവർ അവിടുത്തെ ഉപേക്ഷിച്ചു, അവർക്കായി ഒരുക്കിനൽകിയ ഉറവയെ, അവർ സ്വന്തം കിണറുകൾ കുഴിച്ചു." നിങ്ങൾക്ക് സങ്കൽപ്പിക്കാൻ കഴിയുമോ ഒരു—ഒരു—ഒരു—ഒരു കാര്യം, ഒരു മനുഷ്യൻ ഒരു സ്വാഭാവിക ഉറവയുള്ള കിണറിനു മുൻപിൽ ആയിരിക്കുമ്പോൾ, അതിൽനിന്ന് കുടിച്ചിട്ട്, പിന്നെ ഒരു ജലസംഭരണിയാക്കാൻ ആഗ്രഹിക്കുന്നു, കണ്ടോ, അതിൽ നിന്ന് കുടിക്കാൻ? അതാണ് പ്രവാചകൻ പറഞ്ഞത്, ദൈവവചനവും പറഞ്ഞത് അതാണ്. അതാണ് ദൈവം പ്രവാചകനോട് പറഞ്ഞത്. "നീ എന്നെ ഉപേക്ഷിച്ചു എന്നിട്ട്—എന്നിട്ട് ജീവജലത്തിന്റെ ഉറവയായ, എന്നെ ഉപേക്ഷിച്ചു; നീ ജലസംഭരണികൾ സ്വയം നിർമ്മിച്ചു അവ പൊട്ടിയതും, പുറത്തേക്കു ചോർന്നൊലിക്കുന്നവയുമാകുന്നു നീ കിണറുകൾ കുഴിച്ചു, അവ പൊട്ടിപ്പോകുന്നു അവ പുറത്തു ചാടുന്നു."

103 കണ്ടോ, ചിലത്, അവർക്ക് അവർക്ക് ആവശ്യമാണ് അവർക്ക് നിയന്ത്രിക്കാൻ കഴിയുന്ന ചിലത്, അല്ലെങ്കിൽ അവർ എന്ത് ചെയ്തിട്ടുണ്ട് എന്ന് പ്രദർശിപ്പിക്കാൻ കഴിയുന്നത്. അതാകുന്നു—അതാകുന്നു ഒരു സംഘടിത മതത്തിന്റെ വിഡ്ഢിത്തം. എപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുന്നത് ഇതാണ്, അവർക്ക്

സ്വയം എന്തോ ഒന്ന് അതിൽ തന്നെ കിട്ടേണ്ടതായിട്ടുണ്ട്. അവർക്ക് എല്ലാത്തരത്തിലുമുള്ള സംവിധാനങ്ങളും സമൂഹങ്ങളും, അങ്ങനെയുള്ള കാര്യങ്ങളും, കിട്ടേണ്ടതായിട്ടുണ്ട് "ഞാൻ *ഇതിലാണ്* ഇപ്പോൾ അധീനപ്പെട്ടിരിക്കുന്നത്." ദൈവത്തിന്റെ എളിമയുള്ള മക്കളായിരിക്കുന്നതിനുപകരം, അവർക്ക് സ്വയം പ്രദർശിപ്പിക്കാൻ കഴിയുന്ന എന്തെങ്കിലും വേണം. ദൈവത്തിനെ അവന്റെ വഴിക്ക് കാര്യങ്ങൾ ചെയ്യാൻ അനുവദിക്കുന്നതിനുപകരം, അവർ അത് സ്വന്തം വഴിക്ക് ചെയ്യാൻ ആഗ്രഹിച്ചു. ആ ഒരു വഴിയാണ് സംവിധാനത്തിലൂടെ ഇന്ന് സഭയ്ക്ക് കിട്ടിയിരിക്കുന്നത്. അല്ല... ഓരോ വ്യവസ്ഥയിലും, ഒരാൾക്ക് *ഇങ്ങനെ* വേണം, ഒരാൾക്ക് *അങ്ങനെ* വേണം. നിങ്ങൾ ഒരു മെത്തേഡിസ്റ്റ് ആണെങ്കിൽ, നിങ്ങൾ *ഇങ്ങനെ* ആയിരിക്കണം. ഒരു ബാപ്റ്റിസ്റ്റ്, ഈ രീതിയിൽ. ഒരു പ്രെസ്ബിറ്റീരിയൻ, കത്തോലിക്കൻ, എന്തിനധികം, അവർക്ക് അവരുടെ സംവിധാനങ്ങൾ ലഭിച്ചു. അതിൽ എതിർപ്പൊന്നുമില്ല, പക്ഷേ ഞാൻ സംസാരിക്കുന്നത് അതിനെക്കുറിച്ച് അല്ല.

